Annual Sub. Rs. 150
2010 സെപ്റ്റംബർ 13 തിങ്കൾ
Vol. XXXIII No.37
RN. 29559/78
പേജ് 12

THE FIRST PENTECOSTAL NEWS WEEKLY IN MALAYALAM · GOODNEWS

# ഗുഡ്ന്യൂസ്

Estd: 1978
33rd Year
1675

മലയാളത്തിലെ പ്രഥമ പെന്തെക്കോസ്തു വാർത്താ വാരിക ● The First Pentecostal News Weekly in Malayalam



*വിശ്വാസികളെ പുറത്താക്കിയതിനുശേഷം സർക്കാർ ഇടിച്ചുനിരത്തിയ പ്രെയർ കോംപ്ലക്സ്.*

# ചൈനയിൽ പ്രെയർ സെന്റർ കോംപ്ലക്സ് ഇടിച്ചു നിരത്തി

**ഷെജിയാങ്:** ചൈനയിലെ കിങ്ഗാങ് ജില്ലയിലെ 'പ്രെയർ മൗണ്ടൻ' എന്ന പേരിലുള്ള പ്രെയർ കോംപ്ലക്സ് സർക്കാർ ഇടിച്ചുനിരത്തി. അവിടെയുണ്ടായിരുന്ന ഇരുപതു പേരെ ബലം പ്രയോഗിച്ച് പുറത്തിറക്കിയതിനു ശേഷമായിരുന്നു ഇടിച്ചുനിരത്തൽ. അവർക്കു നിസഹായരായി നോക്കിനിൽക്കുവാനല്ലാതെ മറ്റൊന്നുമാകുമായിരുന്നില്ലെന്നു 'വർതി ന്യൂസ്' റിപ്പോർട്ടു ചെയ്യുന്നു. റൈറ്റഷൻ ക്രിസ്ത്യൻ ഹൗസ് ചർച്ചിന്റെ ഉടമസ്ഥതയിലായിരുന്നു കോംപ്ലക്സ്. ചൈന എയ്ഡിന്റെ റിപ്പോർട്ടനുസരിച്ച് മൂന്ന് ഹൗസ്ചർച്ചുകൾ ആഗസ്റ്റിൽ അടച്ചുപൂട്ടിയിട്ടുണ്ട്. അമ്പതുലക്ഷത്തിലധികം പേരുള്ള ചൈന ഗോസ്പൽ ഫെലോഷിപ്പിന്റെ സഭകളാണിത്. ഈ സഭയുടെ മുൻനിര പ്രവർത്തകർ ഈ ഒക്ടോബറിൽ ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടക്കുന്ന ലോക സുവിശേഷീകരണത്തിനുവേണ്ടിയുള്ള മൂന്നാം ലോസാൻ കോൺഗ്രസിൽ ക്ഷണിക്കപ്പെട്ടിരുന്നതാണു കാരണമായി പറയപ്പെടുന്നതെന്നു ചൈന എയ്ഡ് പറയുന്നു. ക്ഷണം ലഭിച്ച ഇരുനൂറു പേരുടെ പട്ടിക ചൈനീസ് പബ്ലിക്ക് സെക്യൂരിറ്റി ബ്യൂറോയുടെ കൈവശമുള്ളതായും അവരിൽ പലരെയും അധികാരികൾ ഭീഷണിപ്പെടുത്തിയതായും റിപ്പോർട്ടിൽ പറയുന്നു. ക്രൈസ്തവസഭയുടെ വളർച്ചയിൽ ആശങ്കപൂണ്ട ഭരണാധികാരികൾ കടുത്ത നിലപാടുകളാണ് സ്വീകരിച്ചു വരുന്നത്. ചൈനയിലെ ഒരുകോടി മുപ്പതു ലക്ഷം പേരോളം ക്രൈസ്തവരുള്ളതായി കണക്കാക്കപ്പെടുന്നു. ബെയ്ജിങ്ങിൽ ക്രിസ്ത്യാനിയുടെ ഉടമസ്ഥതയിലുള്ള ഒരു ഫാക്ടറിയും കഴിഞ്ഞ മാസം തകർത്തിട്ടുണ്ട്.




*ഇ.പി.പി.എഫ്. 18 –ാമതു സംസ്ഥാന വാർഷികം പ്രൊഫ. ജേക്കബ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജേക്കബ് ചെറിയാൻ, റവ. ഡോ. മാത്യു വർക്കി, ഇവാ. എം.സി. കുര്യൻ, ബ്രദർ പി.വി. വർഗീസ് എന്നിവർ സമീപം.*

# ദൈവത്തിന്റെ ശക്തിക്കും മഹിമയ്ക്കും അതിരുകളില്ല: പ്രൊഫ. ജേക്കബ് കുര്യൻ

**കോട്ടയം:** ദൈവത്തിന്റെ ശക്തിയ്ക്കും ദൈവത്തിന്റെ മഹത്ത്വത്തിനും അവസാനമില്ലെന്നും പ്രാർഥനയും ആത്മികതയും ചെറുപ്പത്തിലേ ആരംഭിക്കണമെന്നും കോട്ടയം ബസേലിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട് അഭിപ്രായപ്പെട്ടു. എംപ്ലോയിസ് ആൻഡ് പ്രൊഫഷണൽസ് പ്രെയർ ഫെലോഷിപ്പ് 18–ാം സംസ്ഥാന വാർഷികത്തോടനുബന്ധിച്ച് സെപ്റ്റംബർ 14 നു എം.റ്റി. സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന "ഇ.പി.പി.എഫ് ലോഗോസ് ഫെസ്റ്റ് 2010" ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാം കുഴങ്ങി, എല്ലാം കലങ്ങി ഇനി പ്രാർഥനമാത്രം എന്ന അവസ്ഥ വരുന്നതിനുമുമ്പ് തന്നെ പ്രാർഥനാജീവിതം ശീലിക്കുവാനും യൗവനകാ

3

# റവ. ജോർജ് എഫ്. കുക്ക് കർത്തൃസന്നിധിയിൽ



**കൊളറാഡോ:** കേരളത്തിലെ പെന്തെക്കോസ്തു പ്രവർത്തനങ്ങളുടെ തുടക്കക്കാരിൽ ഒരാളും പ്രമുഖ അമേരിക്കൻ മിഷനറിയുമായ റോബർട്ട് എഫ്. കുക്കിന്റെ (കുക്കുസായിപ്പ്) മകൻ ജോർജ് കുക്ക് (കൊച്ചു സായിപ്പ്-90) സെപ്റ്റംബർ നാലിനു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

മൈസൂരിലെ ദോഢ് ബല്ലാപ്പൂരിൽ ജനിച്ച ജോർജ് കുക്ക് 26 വയസ്സുവരെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജീവിച്ചു. മലയാളം ഹിന്ദി. തമിഴ്, കന്നഡ, സംസ്കൃതം, ഉർദു, മറാത്തി, തെലുങ്ക് എന്നീ ഭാഷകൾ വശമായിരുന്ന അദ്ദേഹം ഇന്ത്യയെ അതിരറ്റു സ്നേഹിച്ചിരുന്നു.

അമേരിക്കയിലെത്തിയ അദ്ദേഹം ക്ലീവ്ലന്റിലുള്ള ചർച്ച് ഓഫ് ഗോഡ് ഓഫീസിൽ അക്കൗണ്ടന്റായി ജോലി ആരംഭിച്ചു. തുടർന്ന് വെർജീനിയ, ടെന്നസി എന്നിവിടങ്ങളിലെ ഓഫീസിലും ജോലി ചെയ്തു. ഈ സമയങ്ങളിൽ സജീവ സുവിശേഷപ്രവർത്തകനുമായിരുന്നു അദ്ദേഹം.

മലയാളത്തെയും മലയാളിയെയും എന്നെന്നും സ്നേഹിച്ചിരുന്ന അദ്ദേഹം 1993-ലെ വടക്കേ അമേരിക്കയിലെ പെന്തെക്കോസ്തു കോൺഫ്രൻസിന്റെ പ്രസംഗകനായിരുന്നു. ഗുഡ്ന്യൂസിന്റെ സ്ഥിരവായനക്കാരനും അഭ്യുദയകാംക്ഷിയുമായിരുന്ന അദ്ദേഹത്തിന്റെ ആശംസ ഗുഡ്ന്യൂസ് രജതജൂബിലി സ്മരണികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

സംസ്കാരശുശ്രൂഷകൾ സെപ്റ്റംബർ ഒമ്പതിനു 2066 ഹൈവേയിലുള്ള വിക്ടറി ലൈഫ് ചർച്ചിൽ ആരംഭിച്ച്, ഗ്രാന്റ് ജങ്ഷനിലുള്ള മെമ്മോറിയർ ഗാർഡൻസിൽ നടത്തി. മൃതദേഹം ഒരുനോക്കു കാണുവാൻ നാടിന്റെ നാനാഭാഗങ്ങളിൽനിന്നു നിരവധി ദൈവമക്കളും ശുശ്രൂഷകരും എത്തിയിരുന്നു. മലയാളികളെ പ്രതിനിധീകരിച്ച് പാസ്റ്റർമാരായ തമ്പി മാത്യു (അറ്റ്ലാന്റാ), സുശീൽ മാത്യു (ഡാളസ്), മാത്യു ബർണാൽ (ഡെൻവർ) എന്നിവർ പങ്കെടുത്തു. ഭാര്യ: മിറിയം ഉത്തർ പ്രദേശിലെ മുൻ മിഷനറി ദമ്പതികളുടെ മകളാണ്. മക്കൾ: പെഗി, ബോബ്, ജോൺസൺ. മൂത്ത മകൻ ബോബ് കുക്ക് ജൂണിയർ എ.ജി. കൊളറാഡോ സൂപ്രണ്ടായിരുന്നു.

*കടപ്പാട്: റോയി മണ്ണൂർ, നിബു വെള്ളവന്താനം.*

5 അനുസ്മരണം

# എ.ജി. മലബാർ സണ്ടേസ്കൂൾ ക്യാമ്പ് സമാപിച്ചു

**മാനന്തവാടി:** എ. ജി. മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ ക്യാമ്പ് ആഗസ്റ്റ് 27,28 തീയതികളിൽ എ.ജി. ഹാളിൽ നടന്നു. അസി. സൂപ്രണ്ട് പാ. ഫിലിപ്പ് തോമസ് ഉദ്ഘാടനം ചെയ്തു. പാ. പി. ജെ. ജോൺ അധ്യക്ഷത വഹിച്ചു. സാബു തോമസ്, യോയ്സൺ, ജോസ് തുടങ്ങിയ കർത്തൃദാസന്മാർ ക്ലാസുകൾ നയിച്ചു. വിദ്യാർഥികളും അധ്യാപകരും ഉൾപ്പെടെ 220-ലധികം പേർ പങ്കെടുത്തിരുന്നു. പാ. കെ. കെ. വിത്സൺ, എൽ. ജസ്റ്റസ് എന്നിവർ നേതൃത്വം നൽകി.

# ചിലിയിലെ ഖനിയിൽ കുടുങ്ങിയവർക്ക് ബൈബിൾ നൽകി

**സാൻജോസ് (ചിലി):** ആഗസ്റ്റ് അഞ്ചിനുണ്ടായ ഭൂകമ്പത്തിൽ ടണൽ തകർന്നതുമൂലം ഖനിയിൽ 2300 അടി താഴ്ചയിൽ കുടുങ്ങിക്കിടക്കുന്ന 33 പേർക്കു അതിസൂക്ഷമ വേദപുസ്കതമെത്തിച്ച് ആത്മീയവെളിച്ചം പകർന്നു. രാജ്യത്തെ ഖനിവകുപ്പു മന്ത്രി ലൗറൻസ് ഗോൾ ബോണിന്റെ അനുവാദത്തോടെ പാസ്റ്റർ കാർലോസ് പാരാ ഡിയാസാണു ഇതു സാധിപ്പിച്ചെടുത്തത്. അഞ്ചിഞ്ചു നീളവും മൂന്നിഞ്ചു വീതിയുമുള്ള സൂഷ്മവേദപുസ്തകവും ഭൂതക്കണ്ണാടിയുമാണ് പ്രത്യേക സംവിധാനത്തിലൂടെ എത്തിച്ചത്. വേദപുസ്തകപാരായണംമൂലം രക്ഷപ്പെടുമെന്ന വിശ്വാസം വർധിപ്പിക്കുവാൻകഴിഞ്ഞുവെന്നു റിനാൻ എന്ന വ്യക്തിയിൽനിന്നു സന്ദേശം ലഭിച്ചതായും അറിയുന്നു. ഖനിയിൽ കുടുങ്ങിയവർക്കു കുടുംബാംഗങ്ങളുമായി സംസാരിക്കുവാനും കഴിഞ്ഞു. ചിലി ടി. വി.പ്രോഗ്രാമുകളും ഖനിക്കുള്ളിൽ പ്രദർശിപ്പിച്ച് ഇവരെ ഊർജസ്വലരാക്കാൻകഴിഞ്ഞതായി എൻ. ഡി. ടി. വി. റിപ്പോർട്ടു ചെയ്തു. കുടുങ്ങിപ്പോയ ഖനിജീവനക്കാരെ തുരങ്കം നിർമിച്ച് രക്ഷപ്പെടുത്താനുള്ള ശ്രമം നടക്കുന്നു. ഇതിനു നാലു മാസം സമയം വേണ്ടിവരുമെന്നു കണക്കാക്കുന്നു.

# മഹത്ത്വം പൊയ്പ്പോയ സഭ

## സമർപ്പണം – 136



**സാജു**

**എന്റെ മനസ്സിൽ ഇപ്പോൾ ഒറ്റക്കാര്യമേയുള്ളൂ... യഹോവയുടെ പെട്ടകം ശത്രുവിന്റെ കയ്യിലാണ്. മഹത്ത്വം യിസ്രായേലിൽ നിന്നും പോയിരിക്കുന്നു. മഹത്ത്വം നഷ്ടപ്പെട്ട യിസ്രായേലിൽ ഒരാൾ ജനിച്ചാലെന്ത്? മരിച്ചാലെന്ത്? ഈഖാബോദ്!**

### വായനഭാഗം: 1 ശമു. 4: 1– 22

*"ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടുപോകകൊണ്ട് മഹത്ത്വം യിസ്രായേലിൽ നിന്നു പൊയ്പ്പോയി എന്ന് അവൾ പറഞ്ഞു" (1 ശമൂ. 4:22).*

നമ്മുടെ ശരീരത്തിലെ ഓരോ അവയവത്തിനും വേദനയുണ്ടാകുമ്പോഴും അതാണ് ഏറ്റവും വലിയ വേദനയെന്നു നമുക്കു തോന്നും. പല്ലുവേദന വരുമ്പോൾ ഹോ! പല്ലുവേദനപോലൊരു വേദന ലോകത്തിലില്ല എന്നു നാം പറയും. ചെവിവേദന വന്നാൽ ചെവിവേദനയാകും ലോകത്തിലെ ഏറ്റവും വലിയ വേദന. എന്നാൽ പ്രസവ വേദനയാണ് ഏറ്റവും വലിയ വേദനയെന്നാണ് പൊതുവെ പറയാറുള്ളത്. ആയിരിക്കണം... അനുഭവിച്ചിട്ടില്ലാത്തതിനാൽ ഉറപ്പിച്ച് അഭിപ്രായം പറയുന്നത് ശരിയല്ലല്ലോ.

എന്നാൽ പ്രസവദേനയ്ക്ക് ഒരു പോസിറ്റീവ് വശമുണ്ടെന്ന് യേശുകർത്താവ് തന്നെ സാക്ഷിക്കുന്നു. വേദനയുടെ മൂർധന്യതയിൽ സന്തോഷമാണ് പെറ്റുവീഴുന്നത്. സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ വേദനയുടെ നാഴിക വന്നതിനാൽ അവൾ വിലപിക്കുന്നു. എന്നാൽ കുഞ്ഞു ജനിച്ചുകഴിയുമ്പോൾ ഒരു സന്തതി ഭൂമിയിലേക്കു പിറന്നുവീണതിന്റെ സന്തോഷത്തിൽ അവൾ പ്രസവത്തിന്റെ എല്ലാ ഭാരവും ഒരു നിമിഷംകൊണ്ടു മറന്നുകളയുന്നു; പിന്നെ തന്റെ വേദന ഓർക്കുന്നതുമില്ല (യോഹ. 16: 21).

അതങ്ങനെയാണ്– താൻ പ്രസവിച്ച കുഞ്ഞിന്റെ മുഖം കാണുമ്പോൾ ഏതു സ്ത്രീയും ഏതു വേദനയും മറക്കുന്നു! എന്നാൽ, നമ്മുടെ വേദഭാഗത്ത് ഒരു സ്ത്രീ ഒരു ആൺപൈതലിനെ പ്രസവിച്ചിട്ടും ഒരു തരിമ്പും സന്തോഷിക്കാതെ തന്റെ ദുഖഃത്തിൽ കടിച്ചുതൂങ്ങിക്കിടക്കുന്നു.

"അവൾ മരിപ്പാറായപ്പോൾ അരികെ നിന്ന സ്ത്രീകൾ അവളോട്; "ഭയപ്പെടേണ്ട നീ ഒരു മകനെ പ്രസവിച്ചുവല്ലോ" എന്നു പറഞ്ഞു. എന്നാൽ അവൾ ഉത്തരം പറഞ്ഞില്ല, ശ്രദ്ധിച്ചതുമില്ല" (വാ. 20).

ആരാണ് ഈ സ്ത്രീ? പേരറിയില്ല! ഏലിപുരോഹിതന്റെ മരുമകളാണിവൾ. ഭർത്താവിന്റെ പേര് ഫിനെഹാസ്! ഒരു ആൺപൈതലിന്റെ ജനനത്തിനുപോലും മായ്ക്കാനാവാത്ത അവളുടെ ദുഃഖം പ്രസവവേദനയല്ലായിരുന്നു. അവളുടെ ഭർത്താവും അമ്മായപ്പനും മരിച്ചു കിടക്കുകയാണ്. എന്നാൽ അതിനുമപ്പുറത്തൊരു ദുഖം അവൾക്കുണ്ട്. ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിച്ചുകൊണ്ടുപോയിരിക്കുന്നു (വാ.22). "മഹത്ത്വം യിസ്രായേലിൽ നിന്നു പൊയ്പ്പോയി എന്നു പറഞ്ഞ് അവൾ കുഞ്ഞിന് ഈഖാബോദ് എന്നു പേരിട്ടു" (വാ. 21).

നാല്പതു വർഷം യിസ്രായേലിനു ന്യായപാലനം ചെയ്ത വ്യക്തിയായിരുന്നു ഏലി പുരോഹിതൻ (വാ.18). പലരും ചിന്തിക്കുന്നതുപോലെ ഏലി ഒരു ദുഷ്ടനൊന്നുമല്ലായിരുന്നു. ഒരു പാവം... ഏലിയുടെ ഭരണകാലത്ത് ജനങ്ങൾ ഭക്തിയുള്ളവരായിരുന്നു (1 ശമൂ. 1:3). അന്യദൈവാരാധന ഒരു വലിയ പ്രശ്നമായി ചിത്രീകരിക്കപ്പെടുന്നില്ല. ബാലിനും അശേരയ്ക്കും ഏലിയുടെ കാലത്ത് യിസ്രായേലിന്റെമേൽ അത്ര സ്വാധീനമൊന്നുമില്ലായിരുന്നു.

എന്നാൽ ഏലിയുടെ മക്കൾ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു... തിന്നുകുടിച്ചു മദിച്ചു ജീവിക്കാനായിരുന്നു അവരുടെ മോഹം. ഏലി അവരെ പുരോഹിതന്മാരാക്കി. ഹൊഫ്നി, ഫിനെഹാസ് എന്നിങ്ങനെയായിരുന്നു അവരുടെ പേരുകൾ! ഏലിയെ ദൈവം ശാസിക്കുമ്പോൾ ആകെ പറയുന്നത്, അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്താഞ്ഞതുകൊണ്ട് അവന്റെ ഭവനത്തിന് എന്നേക്കും ശിക്ഷ വിധിക്കും എന്നു മാത്രമാണ് (1 ശമൂ. 3:13).

പൗരോഹിത്യം തന്റെ കുടുംബത്തിന്റെ ജന്മാവകാശമാണെന്നു ചിന്തിച്ച ഏലി, തന്റെ മക്കളുടെ ആത്മീയത നോക്കാതെ തന്നെ അവർക്കു പൗരോഹിത്യം കൈമാറി. രണ്ടു മക്കളെയും അവൻ ഏഫോദ് ധരിപ്പിച്ചു (1 ശമു. 1:3, 2:13), ഏലി അവരെ മതം പഠിപ്പിച്ചു. എന്നാൽ, പുരോഹിതന്റെ അനിവാര്യതയായ ജീവിതവിശുദ്ധിയെപ്പറ്റി ഏലി അവർക്ക് ക്ലാസെടുത്തില്ല. അതുകൊണ്ടെന്ത്? യഹോവയുടെ സന്നിധിയിൽ ഉരുകിത്തീരേണ്ട യാഗമൃഗത്തിന്റെ കൊഴുപ്പ് യാഗവേദിയിൽ നിന്നു അതിക്രമിച്ചെടുത്ത് തിന്നുകൊഴുത്ത് അവർ പാപത്തിനുമേൽ പാപം ചരതിച്ചുവെച്ചു (1 ശമൂ. 2: 12– 17). സമാഗമനകൂടാരത്തിന്റെ വാതില്ക്കൽ ശുശ്രൂഷചെയ്തിരുന്ന സ്ത്രീകളെ യാതൊരു ദൈവഭയവുമില്ലാതെ അവർ ബലാല്ക്കാരം ചെയ്തു (1 ശമൂ. 2:22).

നീചമായ ജീവിതം നയിക്കുമ്പോഴും മുറ തെറ്റാതെ പുരോഹിത ശുശ്രൂഷ ചെയ്യുന്നതിനാൽ ദൈവം തങ്ങളുടെ പക്ഷത്താണെന്ന് ഏലിയുടെ പുത്രപുരോഹിതന്മാർ തെറ്റിദ്ധരിച്ചു. ആരാധിക്കുകയും ശുശ്രൂഷിക്കുകയും ഒക്കെ ചെയ്യുമ്പോൾ അനാത്മികർക്കും ഒരു ആത്മധൈര്യമൊക്കെയുണ്ടാകും. അപകടകരമായൊരു ആത്മധൈര്യമാണിത്. അശുദ്ധൻ ആത്മധൈര്യത്തിൽ ശത്രുവിനെ വെല്ലുവിളിക്കുന്നതാണ് അടുത്തതായി നാം കാണുന്നത്. "യിസ്രായേൽ ഫെലിസ്ത്യരുടെ നേരെ യുദ്ധത്തിനു പുറപ്പെട്ടു" (വാ. 1).

മലയാള പരിഭാഷയിൽ നാലാം അധ്യായം തുടങ്ങുന്നത് "ശമൂവേലിന്റെ വചനം എല്ലാ യിസ്രായേലിലും വന്നിട്ട്... യിസ്രായേൽ യുദ്ധത്തിനു പുറപ്പെട്ടു" എന്നാണ്. ഇതു വായിച്ചാൽ ശമൂവേൽ പറഞ്ഞിട്ടാണ് യിസ്രായേൽ യുദ്ധത്തിനു പുറപ്പെട്ടതെന്നു തോന്നാം. എന്നാൽ ഇതു ശരിയല്ല... ശമുവേലിന്റെ വചനം എല്ലാ യിസ്രായേലിലും വന്നിട്ട് എന്നത് പുറകിലത്തെ അധ്യായത്തിന്റെ ഭാഗമായി വേണം മനസിലാക്കാൻ. എബ്രായഭാഷയിൽ ഒരുമിച്ചു കിടക്കുന്നുവെങ്കിലും ലത്തീൻ ഭാഷയിലും (വൾഗേറ്റ്) ഗ്രീക്കുഭാഷയിലും (സെപ്ത്വജിന്റ്) സുറിയാനിയിലും അറബിയിലും നാലാം അധ്യായം തുടങ്ങുന്നത് "യിസ്രായേൽ ഫെലിസ്ത്യരുമായി യുദ്ധത്തിനു പുറപ്പെട്ടു" എന്നു പറഞ്ഞുതന്നെയാണ്. അല്ലെങ്കിൽത്തന്നെ, ശമൂവേലിന്റെ വാക്കുകേട്ട് ഹൊഫ്നിയും ഫിനെഹാസും യുദ്ധത്തിനു ചാടിപ്പുറപ്പെടും എന്നു ചിന്തിക്കുന്നതു യുക്തിസഹമല്ല.

ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണു ദൈവപ്രസാദത്തിനു മുഖാന്തരമാകുന്നത് എന്നു ഹൊഫ്നിയും ഫിനെഹാസും ചിന്തിച്ചു. യിസ്രായേലിൽ ആരാധനയും യാഗവും നിരന്തരമായി നടക്കുന്നതുകൊണ്ടു യുദ്ധത്തിൽ ദൈവം തങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്ന് അവർ സ്വയം ഉറപ്പിച്ചു. ജീവിതവിശുദ്ധി ഒരു അനിവാര്യതയായി അവർ മനസിലാക്കിയില്ല. തങ്ങൾ യുദ്ധത്തിനുപോകുന്നത് ദൈവഹിതമാണോ എന്നുപോലും അവർ തിരക്കിയില്ല. "കർത്താവേ, യുദ്ധത്തിൽ നീ ഞങ്ങൾക്ക് വിജയം നല്കുവാൻ പോകയാൽ സ്തോത്രം" എന്നു പറഞ്ഞ് അവർ യുദ്ധത്തിനു ചാടിപ്പുറപ്പെടുകയായിരുന്നു.

ആധുനിക ആരാധനക്കൂട്ടങ്ങൾക്കൊക്കെ പറ്റുന്ന പാളിച്ചയാണിത്. ആരാധനയും പാട്ടും അന്യഭാഷയും കൃപാവരങ്ങളുമൊക്കെ ഉള്ളതുകൊണ്ടു ദൈവം തങ്ങളുടെ കൂടെയുണ്ട് എന്ന് അവരങ്ങു ചിന്തിച്ചുവശായിപ്പോകും. എന്തെങ്കിലും ചെയ്യുന്നതിനുമുമ്പ് എന്തിനെങ്കിലുംവേണ്ടി പ്രാർഥിപ്പാൻ തുടങ്ങുന്നതിനുമുമ്പ് അതു ദൈവഹിതമാണോ എന്ന് ഇരുന്ന് അന്വേഷിക്കാനൊന്നും അവർക്ക് മനസ്സില്ല. "കർത്താവേ, ഇത് നീ ഞങ്ങൾക്കുവേണ്ടി ചെയ്തുതരുവാൻ പോകയാൽ സ്തോത്രം" എന്നു പറഞ്ഞുകൊണ്ട് ആണ് അവർ യുദ്ധം പ്രഖ്യാപിക്കുന്നത്. ലഭിച്ചുവെന്നു വിശ്വസിച്ചുകൊണ്ട് പ്രാർഥിക്കണമെന്നാണല്ലോ തത്ത്വം.

> **ആരാധിക്കുകയും ശുശ്രൂഷിക്കുകയും ഒക്കെ ചെയ്യുമ്പോൾ അനാത്മികർക്കും ഒരു ആത്മധൈര്യമൊക്കെയുണ്ടാകും. അപകടകരമായൊരു ആത്മധൈര്യമാണിത്. അശുദ്ധൻ ആത്മധൈര്യത്തിൽ ശത്രുവിനെ വെല്ലുവിളിക്കുന്നതാണ് അടുത്തതായി നാം കാണുന്നത്.**

എന്നാൽ വ്യാജവിശ്വാസമല്ല, സത്യ അനുസരണമാണ് ദൈവം ശ്രദ്ധിക്കുന്നതെന്ന് നാം എന്തുകൊണ്ട് ഗ്രഹിക്കുന്നില്ല? ദൈവത്തിന്റെ മന്ദിരത്തെ അശുദ്ധമാക്കുകയും ശുശ്രൂഷക്കാരത്തികളെ ബലാല്ക്കാരം ചെയ്യുകയും, എന്നിട്ടു മടിയില്ലാതെ യാഗാർപ്പണം നടത്തുകയും ചെയ്യുന്ന ഹൊഫ്നിയോടും ഫിനെഹാസിനോടും പ്രവാചകൻ പറയുന്നു; "ഇത് കർത്താവ് ചെയ്തുതരുവാൻ പോകയാൽ സ്തോത്രം!" എന്നു പറ... ദൈവം അത്ഭുതം പ്രവർത്തിക്കും! ഇടംകൈകൊണ്ട് അശുദ്ധിയെ ആലിംഗനം ചെയ്ത് വലംകൈകൊണ്ട് ദൈവത്തിന്റെ വാൾവീശാമെന്ന് ആരെങ്കിലും തെറ്റിദ്ധരിക്കുന്നെങ്കിൽ അവർ വിഡ്ഢികൾ!

"നിനക്കെതിരെ വരുന്ന ശത്രുക്കൾ നാലുവഴിയായി ഓടിപ്പോകും" എന്നൊക്കെ പാടി ആർത്തുകൊണ്ടാണ് ഹൊഫ്നിയും ഫിനെഹാസും അവരോടുകൂടെ യിസ്രായേലും യുദ്ധത്തിനിറങ്ങിയത്. എന്നാൽ ശത്രുവിന്റെ അനായാസമായ വാൾവീശലിൽ 4,000 പേർ ചത്തുവീണു (വാ.2). ശത്രുവിനെ ഓടിക്കാൻ പോയവർ ഇപ്പോൾ 40 വഴിയായി ഓടി.

ഓടിയലച്ച് അവർ പാളയത്തിൽ മടങ്ങിയെത്തി. യിസ്രായേൽ മൂപ്പന്മാരെല്ലാം കൂടിയിരുന്ന് ആലോചന തുടങ്ങി. "ശ്ശെടാ, എന്തു പറ്റി? ഒരു പരാജയത്തിനു യാതൊരു കാരണവും കാണുന്നില്ലല്ലോ. നമ്മൾ യാഗം കഴിച്ചിട്ടാണല്ലോ യുദ്ധത്തിനു പുറപ്പെട്ടത്. വിശ്വാസത്തിന് ഒരു കുറവുമില്ലായിരുന്നു. പാളയത്തിൽ പാട്ടും ആരാധനയും ഉണ്ടായിരുന്നു. പിന്നെന്തുപറ്റി?"

എന്നാൽ ഒരു കാര്യത്തിൽ അവരെ അഭിനന്ദിക്കണം. അവർ ചോദിക്കുന്നത്, "ഇന്ന് യഹോവ നമ്മെ ഫെലിസ്ത്യരോടു തോല്ക്കുമാറാക്കിയത് എന്ത്?" എന്നാണ്. അതായത്, ഈ തോൽവി ഫെലിസ്ത്യരുടെ ശക്തികൊണ്ടല്ലെന്നും പ്രത്യുത, ഈ തോൽവിയിലും പ്രവർത്തിച്ചത് ദൈവകരമാണെന്നു അവർ തിരിച്ചറിഞ്ഞു. അത്രയും നല്ല കാര്യം. എന്നാൽ, തോല്പിച്ചത് ദൈവമാണെങ്കിലും തോൽവിയുടെ കാരണം അവരുടെ പാപമാണെന്ന് അവർ ഗ്രഹിച്ചില്ല!

മൂപ്പന്മാർ പെട്ടെന്ന് അവരുടെ പൂർവചരിത്രം പരതുവാൻ തുടങ്ങി. കനാൻനാട് കൈവശമാക്കുവാൻ പുറപ്പെട്ട തങ്ങളുടെ പൂർവികർ ആദ്യം കീഴടക്കിയത് യെരീഹോവാണ്. അവിടെ യഹോവയുടെ പെട്ടകം യുദ്ധഭൂമിയിലുണ്ടായിരുന്നു (യോശു. 6:4). അവിടെ വിജയവുമുണ്ടായി. അതിനാൽ നമുക്ക് വിജയം വേണമെങ്കിൽ യഹോവയുടെ നിയമപെട്ടകം നമുക്ക് യുദ്ധഭൂമിയിൽ കൊണ്ടുവരണം. അത് നമ്മുടെ ഇടയിൽ വന്നാൽ നമ്മെ നമ്മുടെ ശത്രുക്കളുടെ കയ്യിൽ നിന്നും രക്ഷിക്കും (വാ.5).

പരാജയപ്പെട്ട യാസ്രായേൽ പാഠംപഠിക്കാൻ നോക്കുന്നത് പൂർവയിസ്രായേലിന്റെ പരാജയചരിത്രത്തിൽ നിന്നല്ല. പ്രത്യുത, വിജയഗാഥയിൽ നിന്നാണെന്നത് വിരോധാഭാസമായിരിക്കുന്നു. ശരിക്കും അവർ നോക്കേണ്ടിയിരുന്നത് യെരിഹോവിൽ അവർക്ക് എന്തുണ്ടായിരുന്നു എന്നല്ല, പ്രത്യുത, പരാജയപ്പെട്ട 'ഹായി' യിൽ (യോശുവ 7) അവർക്ക് എന്തില്ലായിരുന്നു എന്നാണ്. പാപം ഒളിപ്പിച്ചുവെച്ച് പാട്ടുപാടി യുദ്ധത്തിനുപോയതുകൊണ്ടാണ് ഹായിയിൽ യിസ്രായേൽ തോറ്റത്. യെരിഹോവിന്റെ ചരിത്രത്തിനു പകരം ഹായിയുടെ ചരിത്രം

3

# യഥാർഥ ജേതാവ്

## ധ്യാനം

ജീവിത പോരാട്ടത്തിൽ ദുഷ്ടന്മാർ പലപ്പോഴും വിജയിക്കുന്നതായി തോന്നും. എന്നാൽ, തോന്നലുകൾ യഥാർഥമല്ല. ബേസ് ബോൾ കളിക്കാരനായ ബില്ലി ഈ സത്യം തന്റെ പിതാവിൽനിന്നാണു പഠിച്ചത്. ഒരിക്കൽ എതിരാളികൾ കളവും ചതിവും പ്രയോഗിച്ച് ബില്ലിയുടെ ടീമിനെ തോല്പിച്ചു. തങ്ങൾ കള്ളക്കളി നടത്തുകയില്ലെന്നും, വാഗ്വാദത്തിനു പോകുകയില്ലെന്നും, ആണയിടുകയില്ലെന്നും, ബില്ലിയും കൂട്ടുകാരും തീരുമാനം എടുത്തിരുന്നു. എങ്കിലും കളിയിൽ അവർ തോറ്റുപോയി. അതു അവനിൽ അല്പം ചിന്താകുഴപ്പം ഉണ്ടാക്കി. എന്തുകൊണ്ടാണു ദൈവം തങ്ങളുടെ നല്ല തീരുമാനത്തെ ആദരിച്ച് തങ്ങളെ ജയിപ്പിക്കാഞ്ഞതെന്നു അവൻ പിതാവിനോടു ചോദിച്ചു. അദ്ദേഹം സഹതാപപൂർവം അവൻ പറഞ്ഞതെല്ലാം ശ്രദ്ധിച്ചിട്ട് ഇപ്രകാരം മറുപടി പറഞ്ഞു. ബില്ലീ, യഥാർഥ വിജയികൾ നിങ്ങൾ ആകയാൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു. നിങ്ങൾ കോപത്തെയും അക്രമത്തെയും അധർമത്തെയും ജയിച്ചിരിക്കുന്നു. യഥാർഥ മത്സരത്തിൽ നിങ്ങളാണു വിജയികൾ. കാര്യം മനസിലായപ്പോൾ ആ യുവാവിന്റെ ഹൃദയം സന്തോഷിച്ചു. ഏതായാലും ദൈവം തങ്ങളുടെ പക്ഷത്തു തന്നെയായിരുന്നു എന്നു അവൻ പറഞ്ഞു.

സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊന്നപ്പോൾ, കർത്താവിന്റെ ശത്രുക്കൾക്കു അന്തിമ വിജയം ലഭിച്ചതായി തോന്നി. എന്നാൽ യാഥാർഥ്യം അതിനു വിപരീതമായിരുന്നു. അവൻ സന്തോഷവാനായി മരിച്ച് സ്വർഗത്തിൽ രക്ഷകന്റെ സവിധത്തിലെത്തി. അവന്റെ മരണവും തുടർന്നു സഭയ്ക്കുണ്ടായ പീഡനവും നിമിത്തം സുവിശേഷം വിസ്തൃതമായ തോതിൽ പ്രസംഗിക്കപ്പെട്ടു. നിശ്ചയമായും സ്തെഫാനോസിന്റെ മാതൃകയും ദൂതുമാണു തർസൊസുകാരനായ ശൗലിനെ കർത്താവിങ്കലേക്കു ആനയിച്ചത്. കൂടാതെ സ്വർഗീയ ഭവനത്തിലേക്കുള്ള സ്തെഫാനോസിന്റെ ആ മഹത്ത്വകരമായ ആരോപണത്തെക്കുറിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നു വായിച്ചറിയുന്ന ലക്ഷോപലക്ഷങ്ങളെ അതു ആഴമായി സ്പർശിച്ചുകൊണ്ടിരുന്നു. യഥാർഥത്തിൽ ശത്രുക്കളല്ല സ്തെഫാനോസാണു വിജയിച്ചത്.

അന്ധകാരത്തിന്റെ ശക്തികൾ അധികാരത്തിലിരിക്കുന്നു എന്നു തോന്നുമ്പോൾ ഭ്രമിച്ചുപോകരുത്. അങ്ങനെയേ തോന്നുകയുള്ളൂ. നമ്മുടെ പോരാട്ടം ആത്മീയമാണ് എന്നോർക്കുക. കർത്താവിനോടു വിശ്വസ്തത പാലിച്ചാൽ നാം യഥാർഥ ജയാളിയായിത്തീരും.

# സമ്പൂർണ മദ്യനിരോധനം: പി.വൈ.പി.എ. പത്തുലക്ഷം ട്രാക്റ്റുകൾ വിതരണം ചെയ്യും

**കുമ്പനാട്:** സമൂഹത്തിന്റെ സമഗ്ര വികസനത്തിനും കുടുംബങ്ങളുടെ കെട്ടുറപ്പിനും പൂർണ വ്യക്തിത്വവികസനത്തിനും കേരളത്തിൽ സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കണമെന്ന് പി.വൈ.പി.എ. സംസ്ഥാന കമ്മറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ വി.പി. ഫിലിപ്പിന്റെ അധ്യക്ഷതയിൽ സെക്രട്ടറി പാസ്റ്റർ സാം പനച്ചയിൽ പ്രമേയം അവതരിപ്പിച്ചു.

"കുറ്റിപ്പുറത്തും തിരുനാവായിലും വണ്ടൂരിലുമുണ്ടായ വിഷക്കള്ള് ദുരന്തം പുതിയ തലമുറ ഞെട്ടലോടെയാണ് വീക്ഷിക്കുന്നത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ ദുരന്തങ്ങൾ തടയുവാനും മദ്യ വർജന ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ ശക്തമായി പങ്കുചേരുവാനും സംസ്ഥാന പി.വൈ.പി.എ തീരുമാനിക്കുന്നു. മദ്യപാന വിപത്തിനെതിരെ പത്തുലക്ഷം ലഘുലേഖകൾ പ്രസിദ്ധീകരിച്ചു പി.വൈ.പി.എ. യൂണിറ്റുകളിലൂടെ വിതരണം ചെയ്യും. മദ്യം നിരോധനം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് ഒരു ലക്ഷം കത്തുകൾ അയ്ക്കും. കേരളത്തിന്റെ നൂറിലധികം സ്ഥലങ്ങളിൽ സെന്റർ തലത്തിൽ ബോധവത്ക്കരണ സമ്മേളനങ്ങളും കൗൺസലിംങ്ങും വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കും". പ്രമേയത്തിൽ പറയുന്നു. പാസ്റ്റർ സാംകുട്ടി ജോൺ, അജി കല്ലുങ്കൽ, സാബു ചാപ്രത്ത്, മാത്യു ജോൺ, ഫിന്നി വർഗീസ്, ബിനു ജേക്കബ് എന്നിവർ പ്രസംഗിച്ചു.

# 1 ഇ.പി.പി.എഫ്. സമ്മേളനം

ലത്തു സ്രഷ്ടാവിനെ ഓർക്കുവാനും വിദ്യാഭ്യാസവിദഗ്ധനും ക്രിസ്തീയ പ്രസംഗകനുമായ പ്രൊഫ. ഒണാട്ടു പറഞ്ഞു.

ഇ. പി. പി. എഫ്. ഓണററി പ്രസിഡന്റും ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരളാ ഓക്സിലറി സെക്രട്ടറിയുമായ റവ. ഡോ. മാത്യു വർക്കി അധ്യക്ഷനായിരുന്നു. ഈ ലോകജീവിതത്തിൽ നാം എടുക്കുന്ന ശരിയായ തീരുമാനങ്ങളാണു നമ്മുടെ നിത്യത എങ്ങനെയാണു നാം ചെലവഴിക്കുന്നതെന്നു നിർണയിക്കുക. ജീവനും മരണവും നമ്മുടെ മുമ്പിലുണ്ട്. യോശുവയെപ്പെലെ "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കുമെന്നു" പറയുന്നവരെയാണു ദൈവത്തിനാവശ്യമെന്നു പ്രമുഖ വചന പ്രഘോഷകൻ കൂടിയായ ഡോ. മാത്യു വർക്കി ഉദ്ബോധിപ്പിച്ചു.

ബാംഗ്ലൂർ സതേൺ ഏഷ്യാബൈബിൾ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ജേക്കബ് ചെറിയാൻ മുഖ്യ പ്രഭാഷണം നിർവഹിച്ചു.

"വചനം യഥാർഥ നിലയിൽ പ്രസംഗിക്കണം. പണത്തിനുവേണ്ടി വചനത്തെ വളച്ചൊടിക്കരുത്. ആത്മീയ അഹങ്കാരം ദൈവം വെറുക്കുന്നു. താഴ്മ ധരിച്ച ക്രിസ്തുവിന്റെ അനുകാരികൾ താഴ്മയുള്ളവരാകണം". വിശുദ്ധ മറിയയുടെ ജീവിതം എപ്പോഴും താഴ്മയുടെയും സമർപ്പണത്തിന്റെയും ജീവിതമായിരുന്നുവെന്നു ലൂക്കൊസ് 1: 46-55 വാക്യങ്ങളുദ്ധരിച്ച് പ്രമുഖ ദൈവശാസ്ത്രജ്ഞനും സുവിശേഷപ്രഭാഷകനുമായ ജേക്കബ് ചെറിയാൻ പറഞ്ഞു.

പാത്താംമുട്ടം സെന്റ് ഗിറ്റ്സ് എൻജിനിയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. എം. സി.ഫീലിപ്പോസും പ്രസംഗിച്ചു. നല്ല ക്രിസ്ത്യാനിയാണെന്നു നമുക്കു അഭിനയിക്കാം. എന്നാൽ, ഹൃദയം എങ്ങനെയുണ്ടെന്ന കാര്യം ദൈവം അറിയുന്നു എന്നത് ഉദ്യോഗസ്ഥർ മറക്കരുതെന്നു അദ്ദേഹം ഓർമിപ്പിച്ചു.

ഡോ. സാബു ടി. മത്തായി, സിസ്റ്റർ റേച്ചൽ വർഗീസ് എന്നിവർ സാക്ഷ്യം പങ്കുവച്ചു. ഇ. പി. പി. എഫ്. ട്രഷറർ പി. വി. വർഗീസ് സങ്കീർത്തനം വായിച്ചു പ്രാർഥിച്ചു. ഡോ. ജെയിംസ് കെ. ജേക്കബ് സ്തോത്രശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ഇ. പി. പി. എഫ് ക്വയർ ഗാനങ്ങളാലപിച്ചു. ജനറൽ സെക്രട്ടറി എം. സി. കുര്യൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി പി. എം. മത്തായി നന്ദിയും പറഞ്ഞു.

പാ. വി. പി. തോമസ്, എം. ഐ. തോമസ്, എസ്. വേലായുധൻ, പാ. പി. കെ. ജോൺസൻ, ഡോ. ലതാ യോഹന്നാൻ, പാ. കെ. എ. ഐപ്പ് എന്നിവർ പ്രാർഥനാശുശ്രൂഷകൾ നയിച്ചു. കേരളത്തിന്റെ എല്ലാ ജില്ലകളിൽനിന്നുമുള്ള നാനാതുറകളിലെ ഉദ്യോഗസ്ഥരും കുടുംബാംഗങ്ങളുമടങ്ങുന്ന വലിയ സദസ്സ് ലോഗോസ് ഫെസ്റ്റിൽ വെളിപ്പെട്ട ആത്മനിറവിനു സാക്ഷിയായി.

# 2 മഹത്ത്വം പൊയ്പ്പോയ സഭ

പഠിക്കാൻ അവർ സമയമെടുത്തിരുന്നുവെങ്കിൽ ശീലോവിൽ ഉറപ്പിച്ചിരുന്ന നിയമപ്പെട്ടകം ഇളക്കിക്കൊണ്ടുവരുവാൻ അവർ മിനക്കെടുമായിരുന്നില്ല. പകരം തങ്ങളുടെ പാപങ്ങളുടെ ചുമട് അവർ ദൈവസന്നിധിയിൽ ഇറക്കിവെക്കുമായിരുന്നു.

ഇന്നും പ്രശ്നം അതുതന്നെ... ഏതു പ്രസംഗത്തിലും നാം ആർപ്പുവിളിയാൽ യെരിഹോക്കോട്ടയെ ഇടിക്കുന്നതിനെപ്പറ്റിയാണു കേൾക്കുന്നത്. കോട്ടകളിടിയും ബന്ധനമഴിയും, ശാപം മുറിയും, പാറകൾ തകരും... എല്ലാത്തിനും ഇക്കൂട്ടർ വിധിക്കുന്ന ഒരു ഒറ്റമൂലിയുണ്ട്. ഉച്ചത്തിൽ ആർപ്പിടുക! എന്തൊരു കഷ്ടം! ശാപത്തെ പാളയത്തിനു പുറത്തുകൊണ്ടുപോയി നിർമൂലനം ചെയ്യുന്നതിന്റെ ആവശ്യകത ആരും എന്താണ് പ്രസംഗിക്കാത്തത്? ആർപ്പിടുവാൻ എളുപ്പമാണ്. എന്നാൽ, ഒളിപ്പിച്ചുവെച്ച പൊന്നും ബാബിലോണ്യമേലങ്കിയും പുറത്തുകൊണ്ടുവരുവാനും യിസ്രായേല്യസഭയെ മുഴുവൻ വലച്ച ആഖാനെ വലിച്ചു പുറത്തുകൊണ്ടുവരുവാനും പാളയത്തിനു പുറത്തുകൊണ്ടുപോയി കല്ലെറിഞ്ഞുകൊല്ലുവാനും അത്ര എളുപ്പമല്ല.

നമ്മുടെ ചിന്ത, വിജയം തരുന്നതു ദൈവവവും പരാജയം തരുന്നതു ശത്രുവും എന്നാണ്. എന്നാൽ ദൈവം വിജയം മാത്രമല്ല പരാജയവും തരുന്നു- പരാജയവും അനുവദിക്കുന്നു- എന്നു നാം അറിയണം. ദൈവം നമ്മെ തോല്ക്കുമാറാക്കുമ്പോൾ, എവിടെയാണ് നമുക്കു പാളിച്ച പറ്റിയത് എന്നു നാം ഇരുന്നു ചിന്തിക്കണം. ഒരു സ്വയവിമർശനമാണാവശ്യം. മിക്കപ്പോഴും ദൈവം അനുവദിക്കുന്ന തോൽവിനമ്മെ ഒരു പാഠം പഠിപ്പിക്കേണ്ടതിനുവേണ്ടിയാണ്. നമ്മുടെ പാളിച്ചകളറിയേണ്ടതിനും നാം മടങ്ങിവരേണ്ടതിനും!

പെട്ടകം യിസ്രായേൽ പാളയത്തിലെത്തിയതും ജനം വീണ്ടും ആർപ്പുവിളി തുടങ്ങി. കനാൻ വാസം തുടങ്ങിയതിനുശേഷം ആദ്യമായിരിക്കണം പെട്ടകം പാളയത്തിലെത്തുന്നത് (ആവർ. 12: 5,11). രക്ഷപ്പെട്ടു, അവർ ചിന്തിച്ചു. "ഇനി ആർക്കും നമ്മെ തൊടാൻ കഴിയില്ല".

ഇപ്രാവശ്യം യിസ്രായേൽ ഫെലിസ്ത്യരോട് പടവെട്ടിയത് പൂർണമായ ഉറപ്പോടെയാണ്. പുറമെ നടക്കുന്ന മതചടങ്ങുകളും മാനസാന്തരമില്ലാത്ത ആരാധനയും നല്കുന്ന വ്യാജസംതൃപ്തിക്ക് ഇതിലും വലിയ ഉദാഹരണം ആവശ്യമില്ല. നീചരായ ഹൊഫ്നിയും ഫിനെഹാസും നേതൃത്വം നല്കുന്ന അവിശുദ്ധ ആരാധനയിൽ അവർ 50,000 വാട്ട്സ് ശബ്ദത്തിൽ ആർപ്പിട്ടപ്പോൾ ശത്രു ഓടിപ്പോയി എന്ന് അവർ ചിന്തിച്ചു. ശത്രുവിനെ ഓടിക്കാൻ ശബ്ദം മാത്രം പോരെന്ന് ആധുനിക ആരാധനക്കൂട്ടങ്ങൾ ഇനി എന്നാണ് മനസിലാക്കുന്നത്? യെരിഹോവിൽ യഹോവയെ അനുസരിച്ചെത്തിയ ജനം ആർപ്പിട്ടപ്പോൾ ദൈവം ഇറങ്ങിവന്ന് യെരിഹോക്കോട്ടയെ തകർത്തു തരിപ്പണമാക്കി. എന്നാൽ, നീചരായ ഹൊഫ്നിയുടെയും ഫിനെഹാസിന്റെയും അനുയായികളുടെ ആർപ്പിന്റെ ശബ്ദം തീരും മുമ്പെ ശത്രു പാഞ്ഞെത്തി അവരെ വിഴുങ്ങിക്കളഞ്ഞു. അവിശുദ്ധ ആരാധകരെ സംരക്ഷിക്കാനുള്ള കോൺട്രാക്ടൊന്നും ദൈവം ഒപ്പും വെച്ചിട്ടില്ല- ജാഗ്രതൈ!

അടുത്തതായി നടന്നതാണ് ഏറ്റവും വലിയ ദുരന്തം ശീലോവിൽ തിരുനിവാസത്തിനുള്ളിലിരുന്ന പെട്ടകം ഹൊഫ്നിയുടെയും ഫീനെഹാസിന്റെയും കയ്യിൽ നിന്ന് ഫെലിസ്ത്യർ പിടിച്ചെടുത്തു (വാ.11). നീചന്മാരായിരുന്നെങ്കിലും പെട്ടകം ഒറ്റയടിക്കു വിട്ടുകൊടുക്കാൻ അവർ തയ്യാറായില്ല. ദൈവത്തിന്റെ പെട്ടകത്തിനുവേണ്ടി മരണംവരെ പോരാടാൻ അവർ തയ്യാറായിരുന്നു. അതുകൊണ്ടാണ് ഹൊഫ്നിയും ഫീനെഹാസും മതതീഷ്ണതയുള്ളവരായിരുന്നു എന്നു പറയാൻ കാരണം. അശുദ്ധിയിൽ മുങ്ങിത്താഴുന്ന പല നേതാക്കളും മതത്തിന്റെയും വിശ്വാസത്തിന്റെയും ഒക്കെ കാര്യത്തിൽ വലിയ തീഷ്ണത പുലർത്തുന്നവരാകാം. ഉപദശത്തിൽ കടുംപിടുത്തക്കാരും ജീവിതത്തിൽ കയറൂരിനടക്കുന്നവരുമാണ് ഇക്കൂട്ടർ. അവരുടെ ചിന്ത തങ്ങൾ ഉപദേശതീഷ്ണതയുള്ളവരാകകൊണ്ട് ജീവിതത്തിന്റെ അവിശുദ്ധിയെ ദൈവം അത്ര ഗൗരവമായെടുക്കുന്നില്ല എന്നാണ്. കഷ്ടം! അവരുടെ സ്വയവഞ്ചന അവരെ നരകത്തിലേക്കു തള്ളിക്കൊണ്ടുപോകുന്നത് അവർ അറിയാതിരിക്കുന്നത് എത്ര കഷ്ടം!

ഏലി തന്റെ മക്കൾക്കു മതം പകർന്നുകൊടുത്തു. എന്നാൽ വിശുദ്ധി പകർന്നുകൊടുത്തില്ല. വിശുദ്ധിയില്ലാത്ത മതം മരണമാണെന്നു തിരിച്ചറിയാൻ അവർക്ക് കൊല്ലപ്പെടുന്നതുവരെ കാത്തിരിക്കേണ്ടിവന്നു.

യുദ്ധത്തിന്റെ വിവരമറിയാൻ ഏലി തന്റെ കസേരയിൽ വഴിയരികിൽ ഇരിക്കയാണ്. പാവം മനുഷ്യൻ! യുദ്ധത്തിന്റെ വിജയമോ പരാജയമോ അല്ല ആ മനുഷ്യന്റെ മനസ്സിൽ... ദൈവത്തിന്റെ പെട്ടകത്തെക്കുറിച്ച് ആ മനുഷ്യന്റെ ഹൃദയം വ്യാകുലപ്പെട്ടിരുന്നു (വാ.12). ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടു എന്നറിഞ്ഞതും (മക്കളുടെ മരണമല്ലായിരുന്നു ഏലിയുടെ വലിയ ദുഃഖം- പെട്ടകത്തിന്റെ നഷ്ടം) ഏലി പുറകോട്ടു വീണു കഴുത്തൊടിഞ്ഞു മരിച്ചു (വാ. 18).

ഏലിയുടെ ഭവനത്തിലെ ഏറ്റവും ഭക്തയായ വ്യക്തി ഒരു പക്ഷെ ഏലിയുടെ മരുമകൾ, ഫീനെഹാസിന്റെ ഭാര്യയായിരുന്നിരിക്കണം. ഭക്തരായ അവളുടെ മാതാപിതാക്കൾ ഒരു പക്ഷെ ഒരു പുരോഹിതന് തന്റെ മകളെ കെട്ടിച്ചുകൊടുത്തതിൽ ഒത്തിരി സന്തോഷിച്ചുകാണും. എല്ലാ പുരോഹിതരും പുരോഹിതമക്കളും ആത്മീയരാകണമെന്നു നിർബന്ധമില്ലെന്നറിയുക.

പൂർണഗർഭിണിയായ ആ സ്ത്രീ ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടതറിഞ്ഞു- ഭർത്താവിന്റെയും അമ്മായിയപ്പന്റെയും മരണവും (വാ. 19). അവൾക്കു പ്രസവവേദനതുടങ്ങി. അവൾ നിലത്തുവീണു പ്രസവിച്ചു. അവൾ മരിക്കാൻ പോവുകയാണ്. എല്ലാ ദുഃഖങ്ങൾക്കിടയിലും അവൾക്ക് വേണമെങ്കിൽ ഒരു ആശ്വാസം കണ്ടെത്താം.... കാരണം അവൾ ഒരു ആൺകുട്ടിയെ പ്രസവിച്ചു (വാ. 20).

ഭർത്താവു മരിച്ച ദുഃഖം ഒരു വശത്ത് മകൻ ജനിച്ച സന്തോഷം മറുവശത്ത്.... എന്നാൽ അവൾ പറയുന്നത് മറ്റൊന്നാണ്! എന്റെ സ്വാകാര്യസന്തോഷങ്ങൾക്കും സ്വകാര്യദുഃഖങ്ങൾക്കും ഇവിടെ യാതൊരു പ്രസക്തിയുമില്ല. എന്റെ മനസ്സിൽ ഇപ്പോൾ ഒറ്റക്കാര്യമേയുള്ളൂ.... യഹോവയുടെ പെട്ടകം ശത്രുവിന്റെ കയ്യിലാണ്. മഹത്ത്വം യിസ്രായേലിൽ നിന്നു പോയിരിക്കുന്നു... മഹത്ത്വം നഷ്ടപ്പെട്ട യിസ്രായേലിൽ ഒരാൾ ജനിച്ചാലെന്ത്? മരിച്ചാലെന്ത്? ഈഖാബോദ്!

സ്വകാര്യദുഃഖങ്ങളും സ്വകാര്യസന്തോഷങ്ങളും മാത്രം താലോലിച്ചു കഴിയുന്ന നമ്മോട് ഈ സ്ത്രീക്കു നല്കുവാനൊരു സന്ദേശമുണ്ട്. മഹത്ത്വം നഷ്ടപ്പെട്ട സഭയെപ്പറ്റി ഒരു ചിന്തയുമില്ലാതെ ഭർത്താവുമരിച്ചതിനെപ്പറ്റി വിലപിച്ചും, കുഞ്ഞു ജനിച്ചതിനെപ്പറ്റി സന്തോഷിച്ചും കഴിയാൻ നിങ്ങൾക്കു ലജ്ജയില്ലേ?

## സമർപ്പണപ്രാർഥന

കർത്താവേ, മഹത്ത്വം മറഞ്ഞുപോകുന്ന ഞങ്ങളുടെ സഭയിൽ സ്വകാര്യതകളിൽ ഒതുങ്ങിക്കഴിയുന്ന എന്റെ അപരാധം പൊറുക്കണേ... ആത്മീയത ആവേശത്തിലോ ഒച്ചയിടലിലോ അല്ലെന്നും ഒളിച്ചുവെച്ചശാപത്തെ പുറത്തെടുത്തു കത്തിച്ചുകളയുന്നതിലാണെന്നും ഞങ്ങളെ പഠിപ്പിക്കണമേ, ആമേൻ!

തുടർവായനയ്ക്ക്: യിരെ. 8:1-22, വെളി. 2: 18-23

മറുനാടൻ മലയാളി വിശ്വാസികളുടെ മക്കൾക്കായി പ്രത്യേകം തയ്യാർ ചെയ്ത ആദ്യത്തെ ക്രിസ്തീയ ഗാനസമാഹാരം

ക്രിസ്തീയ സംഗീത രത്നാവലി

Transliterated Song Book




മലയാളം പാട്ടുകൾ മലയാളത്തിലും ഇംഗ്ലീഷ് ലിപിയിലും തമിഴ് പാട്ടുകൾ മലയാളത്തിലും ഇംഗ്ലീഷ് ലിപിയിലും English Hymns & Chorus ഇപ്പോൾ 250 പുതിയ പാട്ടുകൾ (മലയാളം, തമിഴ്, ഇംഗ്ലീഷ്) കൂടെ ചേർത്ത് 850 ഗാനങ്ങളുടെ ഒരു അമൂല്യ നിധി. ഇപ്പോൾ ബൈബിൾ പേപ്പറിൽ അച്ചടിച്ചിരിക്കുന്നു.

ലോകമെങ്ങും ചിതറിപ്പാർക്കുന്ന മലയാളി വിശ്വാസികളുടെ മക്കൾക്കും കൊച്ചുമക്കൾക്കും ഒരുമിച്ച് ആത്മീയ ഗാനങ്ങൾ പാടി ദൈവത്തെ ആരാധിക്കുവാനുള്ള ഒരു അപൂർവ്വ അവസരം

കൈയിൽ ഒതുങ്ങുന്നതും കാണാൻ ഭംഗിയുള്ളതുമായ പുസ്തകം.
എല്ലാ പ്രധാന പുസ്തകശാലകളിലും ലഭിക്കുന്നു.

Advt 357/10

കേൾവിക്കുറവോ?




Adding Y' ears to life

കേൾവി പരിശോധനകേന്ദ്രം

Sound treated Audiological set up with computerised hearing test.

കേൾവി പരിശോധിച്ച് തക്കതായ മാർഗ്ഗനിർദ്ദേശങ്ങളും ശ്രവണസഹായികളും നൽകുന്നതാണ്. വിവിധ തരത്തിലുള്ള ശ്രവണസഹായികൾ, ചെവിക്ക് പിന്നിൽ വയ്ക്കുന്നതും (Behind the ear) ചെവിക്കുള്ളിൽ വയ്ക്കുന്നതും (In the canal & Completely in the canal. invisible in the canal ) ലഭ്യമാണ്. കമ്പ്യൂട്ടർ വഴി പ്രോഗ്രാം ചെയ്യുന്ന Digital Hearing Aids ♦ All Audiological accessories. *( വിദഗ്തരായ ഓഡിയോളജിസ്റ്റ്, സ്പീച്ച് പതോളജിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ് )*

സംസാര പരിശീലനം

Assessment, Diagnosis & management of the following disorders :-

♦ വിക്ക് ♦ വൈകിയുള്ള സംസാരം (കേൾവിക്കുറവ്, ബുദ്ധിമാന്ദ്യം, ഓട്ടിസം എന്നിവ മൂലം)
♦ സെറിബ്രൽ പാലസി ♦ ഉച്ചാരണ ശുദ്ധിക്കുറവ് ♦ വോയ്സ് ഡിസോർഡേഴ്സ് ♦ ക്ലെഫ്റ്റ് പലേറ്റ് /ലിപ്.

RAPHA Speech & Hearing Centre
Authorised Fitting Centre for Starkey Hearing Aids

8/80, Opp. MRF Godwon, Near Private Bus Stand, Nagambadam, Kottayam - 1. Ph: 0481 - 230 7456. Helpline : 9447293797

Advt 362/10

ഗുഡ്ന്യൂസ്
MEMBER
പെന്തെക്കോസ്തു വാർത്താ വാരിക
1186 ചിങ്ങം 28


## ദർശനം ഏറ്റെടുത്ത മിഷനറി വീരന്മാർ

ക്രൈസ്തവ മിഷനറിമാരുടെ സേവനം ഏതു രാജ്യത്തും വിലപ്പെട്ടതാണ്. സങ്കുചിതമായ മതവൈരാഗ്യത്തിന്റെ കണ്ണുകളിൽകൂടി നോക്കുന്നവർക്കു മതപരിവർത്തനത്തിന്റെയും മറ്റും പേരു പറഞ്ഞു മിഷനറിമാരുടെ സേവനങ്ങളെ വിമർശിക്കാൻ കഴിഞ്ഞേക്കുമെങ്കിലും അവർ ചെയ്ത നല്ല കാര്യങ്ങൾക്കു നേരെ കണ്ണടയ്ക്കുവാൻ ആർക്കും കഴിയുകയില്ല. ക്രൈസ്തവ സന്ദേശത്തിന്റെ പ്രചാരണമാണ് അവരുടെ മുഖ്യലക്ഷ്യമെങ്കിലും അവർ കേവലം മതപ്രചാരകരായിരുന്നില്ല എന്നു പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ കാണാൻ സാധിക്കും. ക്രിസ്തുവിന്റെ സ്നേഹവും കരുതലും പ്രാവർത്തികമാക്കുവാൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകിയവരായിരുന്നു മിക്ക മിഷനറിമാരും. സമൂഹത്തിൽ അടിഞ്ഞുകൂടിയിരുന്ന ദുരാചാരങ്ങൾ പിഴുതെറിയാനും ജനങ്ങൾക്കു ബന്ധനങ്ങളിൽനിന്നുള്ള വിടുതൽ നൽകുവാനും മിഷനറിമാർ ചെയ്ത സേവനങ്ങൾ ലോകമെങ്ങുംവിലമതിക്കുന്നവയാണ്. നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുവാൻ മിഷനറിമാരുടെ സേവനങ്ങൾ ഉപകാരമായി. ആരാധനയ്ക്കു നിർമിക്കുന്ന പള്ളിയോടൊപ്പം തന്നെ നിരക്ഷരരുടെ ഉദ്ധാരണത്തിനായുള്ള പള്ളിക്കൂടങ്ങൾ സ്ഥാപിച്ചതും സാമൂഹ്യ നന്മ ലക്ഷ്യമിട്ടായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെക്കുറിച്ചു ബോധവത്ക്കരണം നടത്തി അവയുടെ പിടിയിൽനിന്നു മനുഷ്യമനസ്സുകൾക്കു വിടുതൽ നൽകുവാൻ മിഷനറിമാർ യത്നിച്ചു. അവരുടെ സേവനങ്ങൾ ഇല്ലായിരുന്നെങ്കിൽ ഇന്നും പല രാജ്യങ്ങളും സാംസ്കാരിക വളർച്ചയില്ലാതെ അന്ധകാരത്തിൽതന്നെ കഴിയുമായിരുന്നു. ജാതി ഭേദങ്ങൾ തുടച്ചുനീക്കുവാൻ മിഷനറിമാരുടെ പ്രവത്തനം മുഖാന്തരമായി. ക്രിസ്തുവിന്റെ സ്നേഹം എല്ലാവർക്കും ഉള്ളതാണെന്നു സമൂഹത്തെ പഠിപ്പിക്കുവാനും ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്തുവാനുള്ള വെളിച്ചം പകർന്നതും മിഷനറിമാരാണ്. സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി ഇന്നു പല പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും അവയ്ക്കു ബീജാവാപം നൽകിയതു മിഷനറി സേവനങ്ങളാണെന്നു പലരും ഓർക്കാറില്ല.

പാശ്ചാത്യ രാജ്യങ്ങളിൽ ഏറ്റവും മെച്ചമായ ജീവിതസാഹചര്യങ്ങൾ വേണ്ടെന്നുവെച്ചാണു ലോകത്തിന്റെ നാനാഭാഗത്തേക്കു മിഷനറിമാർ യാത്രതിരിച്ചത്. അതിനവരെ പ്രോത്സാഹിപ്പിച്ചതു ദൈവസ്നേഹവും. മെച്ചമായ സാഹചര്യങ്ങളിൽനിന്നു ഒന്നുമില്ലായ്മയിലേക്കിറങ്ങിവരുവാൻ ദർശനം പ്രാപിച്ചവർക്കേ കഴിയൂ. കഷ്ടതയും കണ്ണുനീരും ദാരിദ്ര്യവും അപമാനവും മറ്റുമാണു മിക്കയിടങ്ങളിലും മിഷനറിമാരെ സ്വാഗതം ചെയ്തത്. എന്നിട്ടും അതാതിടങ്ങളിലെ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുവാൻ അവരെ നിർബന്ധിച്ചത് ക്രിസ്തുവിന്റെ സ്നേഹമായിരുന്നു. അക്ഷരവും ഭാഷയുമില്ലാതിരുന്നയിടങ്ങളിൽ നിരക്ഷരരോടുകൂടെ സഹവസിച്ചു ഭാഷയും അവയ്ക്കു അക്ഷരവും കണ്ടെത്തുവാൻ ശ്രമിച്ചത് മിഷനറിമാരാണ്. വിദേശഭാഷ പഠിച്ച് പ്രാവീണ്യം നേടി നിഘണ്ടുക്കളും വ്യാകരണവും മറ്റും ഉണ്ടാക്കുവാൻ ശ്രമിച്ച മിഷനറിമാരുടെ യത്നം എത്ര കഠിനതരമായിരുന്നു. തങ്ങൾ ഇന്നനുഭവിക്കുന്ന സാഹചര്യങ്ങളും സംസ്കാരവും മിഷനറിമാരുടെ കഠിനപ്രയത്നത്തിന്റെ ഫലമാണെന്നുള്ള തിരിച്ചറിവു സമൂഹത്തിനു നൽകേണ്ട കടമ നമുക്കുള്ളതാണ്.

ഇരുണ്ട സാമ്രാജ്യങ്ങളിൽ വെളിച്ചം പകരുവാനും നരഭോജികളെ നരസ്നേഹികളാക്കി രൂപാന്തരപ്പെടുത്തി ദൈവസ്നേഹത്തിലേക്കു നയിക്കുവാൻ എത്ര മിഷനറിമാരുടെ ജീവൻതന്നെ ബലിയർപ്പിക്കേണ്ടി വന്നു. ആധുനിക സൗകര്യങ്ങൾ ആവോളം ആസ്വദിക്കുന്നവരിൽ ഭൂരിഭാഗവും ആദ്യകാല മിഷനറിമാരുടെ ത്യാഗവും സേവനങ്ങളും ഓർക്കുന്നില്ല എന്നത് ഒരു ദുഃഖസത്യം മാത്രം.

അക്ഷരത്തിന്റെയും സംസ്കാരത്തിന്റെയും പടവുകൾ കയറിയ നാം മലങ്കരയിൽ സുവിശേഷമെത്തിച്ച മിഷനറിമാരെ ഓർക്കാറുണ്ടോ. ഇവിടെ സാമൂഹ്യ വിപ്ലവത്തിനു തിരിതെളിയിച്ച അവരെ ഓർക്കുവാൻ പുതു തലമുറയെ ബോധവത്ക്കരിക്കേണ്ട കടമ നമുക്കുള്ളതാണ്. നാം പാടി സന്തോഷിക്കുന്ന അർഥമുള്ള ഗാനങ്ങൾ ജീവിതാനുഭവങ്ങളിൽനിന്നു പകർത്തിയ മിഷനറിവീരരെ നാം ഓർക്കണം. കാൽനടയായും കാളവണ്ടിയിലും ഗ്രാമഗ്രാമാന്തരം സഞ്ചരിച്ചു സുവിശേഷസത്യം പരത്തിയ മിഷനറിമാരെ നാം മറക്കരുത്. ഭാരതത്തിൽ വേർപാടു – പെന്തെക്കോസ്തു സന്ദേശത്തിനു വേരോട്ടമുണ്ടാക്കുവാൻ അധ്വാനിച്ച വോൾബ്രീറ്റ് നാഗൽ, റോബർട്ട് എഫ്. കുക്ക്, ജോർജ് ബർജസ് തുടങ്ങിയവരുടെ സേവനങ്ങൾ സ്മരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. സ്വയം കത്തിയമർന്നു സമൂഹത്തിനു വെളിച്ചം പകർന്ന മിഷനറി വീരരെ ഓർക്കാതിരിക്കുന്നത് അക്ഷന്തവ്യമായ അപരാധമാണ്.



# ദൈവരാജ്യം കെട്ടിപ്പണിയാം



**ആർ.സി. കുഞ്ഞുമോൻ**

പെന്തെക്കോസ്തു അനുഭവത്തിന്റെ തനിയാവർത്തനം നൂറു വർഷം പിന്നിട്ടിരിക്കുകയാണ്. അതിന്റെ ആഘോഷങ്ങൾ വിവിധയിടങ്ങളിൽ നടന്നുകഴിഞ്ഞു. 1906 അസൂസയിലുണ്ടായ ഉണർവ് ലോകമെമ്പാടും വ്യാപിച്ചു. സഭകൾ പെരുകി. അന്നു കത്തിച്ച ജ്വാല തലമുറതലമുറ കൈമാറിക്കൊണ്ടിരുന്നു. സ്നേഹത്തിലും കൂട്ടായ്മയിലും ഒത്തൊരുമയിലും ഏറ്റുപറച്ചിലിലും നിലനിന്ന സഭയുടെ വിശുദ്ധിയും വിശ്വാസത്തിന്റെ ശക്തിയും വലിയതുതന്നെയായിരുന്നു. എന്നാൽ, മുമ്പുണ്ടായിരുന്ന ആ സ്ഥിതിവിശേഷം ഇന്നു സഭയ്ക്കില്ല എന്നു ദുഃഖത്തോടെ പറയേണ്ടിയിരിക്കുന്നു. പഴയ അനുഭവങ്ങളിലേക്കു മടങ്ങിവന്നിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ദൈവവുമായി ഒരു നല്ല ബന്ധമുള്ള പ്രവാചകനു മാത്രമേ " യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിനു ഞങ്ങളെ നിങ്കലേക്കു മടക്കിവരുത്തേണമേ" എന്നു പ്രാർഥിക്കുവാൻ കഴിയൂ (യിരെ. 5: 21).

മുൻകാലങ്ങളിൽ പെന്തെക്കോസ്തു കൂട്ടായ്മകളിൽ മാനസികരോഗങ്ങളും കുടുംബകലഹങ്ങളും കുറവായിരുന്നു. ഇന്നത്തെ സ്ഥിതി മറിച്ചാവുകയാണ്. കഴിഞ്ഞ കാലങ്ങളിൽ സഭയിലെ അനുഭവസാക്ഷ്യം മാനസാന്തരത്തിന്റെയും സൗഖ്യമായതിന്റെയും വിടുതലിന്റെയും ശബ്ദമായിരുന്നു. ഇന്ന് എത്ര നിലവിളിച്ചാലും പ്രാർഥിച്ചാലും സൗഖ്യവും വിടുതലും കാണുന്നില്ല. കുടുംബകലഹം നിമിത്തം ഭാര്യാഭർത്താക്കന്മാർ വേർപിരിയുകയാണ്. സാക്ഷിപറയാൻ രജിസ്റ്ററും എടുത്തുകൊണ്ടു പാസ്റ്റർമാർ കോടതികൾ കയറിയിറങ്ങുന്നു. എന്താണു പെന്തെക്കോസ്തു സഭയ്ക്കു സംഭവിച്ചത്? വിചിന്തനത്തിനു നാം തയ്യാറായേ മതിയാകയുള്ളൂ. പഴയ പഠിപ്പിക്കലുകളിലേക്കും ആരാധനകളിലേക്കും ദൈവഭയത്തിലേക്കും സ്നേഹത്തിലേക്കും കൂട്ടായ്മകളിലേക്കും ഏറ്റുപറച്ചിലിലേക്കും സഭ മടങ്ങിവരണം. യെശയ്യാപ്രവാചകന്റെ ഭാഷയിൽ സഭയ്ക്ക്, "അടിതൊട്ടു മുടിവരെ ഒരു സൗഖ്യവുമില്ല" മുറിവും ചതവും പഴുത്ത വ്രണങ്ങളും മാത്രമേയുള്ളൂ (യെശ.1:6). പ്രവാചകൻ പ്രവചിക്കുന്നത് " അവർ എന്നോടു മത്സരിച്ചിരിക്കുന്നു". അവർ യെഹോവയെ ഉപേക്ഷിച്ച് യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ച് പുറകോട്ടു മാറികളഞ്ഞിരിക്കുന്നു. അതിനുള്ള ഉത്തരം നാം ദൈവത്തിങ്കലേക്കു മടങ്ങിവരണം എന്നുള്ളതുതന്നെയാണ്. ദൈവത്തിനു ഇഷ്ടപ്പെടാത്ത പ്രവൃത്തികളിൽനിന്നു ഒഴിയണം. മുറുകെപ്പറ്റുന്ന ചിലതിനെ വിട്ട് ഓടേണ്ടിയിരിക്കുന്നു.

സഭയിൽ ഇന്നു ഉപദേശമില്ല. പകരം, അനുഗ്രഹവും യാത്രാവിവരണവും പെരുപ്പിച്ച് പറയുന്ന അനുഭവകഥകളും ഭൗതിക വിടുതലും മാത്രമാണ്. നാമും നമ്മുടെ കുട്ടികളും ഇതല്ലേ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നത്. പിന്നീട് ഇതെല്ലാം ചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്യും. ദൈവികസ്നേഹത്തിന് ഒരു സ്ഥാനവും ഇല്ല. ദൈവിക നിയമത്തിനു ഒരു വിലയും കൊടുക്കുന്നില്ല. ഇതേ നില തുടർന്നാൽ നാം വലിയ വില കൊടുക്കേണ്ടി വരും. ദൈവം വിളിച്ചിട്ടുണ്ടെങ്കിൽ ശുശ്രൂഷയും കാണും. വിവിധ തരത്തിലാണെന്നോർക്കണം. ആത്മഭാരമില്ലാത്തവർ വിളിയെ പരിശോധിക്കുന്നതു നന്നായിരിക്കും. ആത്മഭാരമുള്ളവർ ഏതു ശുശ്രൂഷ ചെയ്താലും ആത്മാക്കളെ ആദായപ്പെടുത്തുകതന്നെ ചെയ്യും. പൗലൊസ് അപ്പൊസ്തലൻ പറയുന്നത്, വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവിൻ' എന്നാണ്. ഈ ഉറപ്പ് വന്നില്ലെങ്കിൽ ശുശ്രൂഷയുടെ കാര്യത്തിൽ തികഞ്ഞ പരാജയമായിരിക്കും. ആത്മാക്കളെ നേടുന്ന ശുശ്രൂഷയ്ക്കായിട്ടാണു വിളിച്ചതെന്നു ഉത്തമ ബോധമുണ്ടെങ്കിൽ എവിടെ അയച്ചാലും ശുശ്രൂഷ വെളിവാക്കുകതന്നെ ചെയ്യും. അല്ലാത്തവർ എനിക്കു ചെറിയ സഭയാണു തന്നെതെന്നു പരാതിപറഞ്ഞ് നടക്കും. പ്രാർഥിക്കാൻ സമയം കണ്ടെത്താറില്ല. ശുശ്രൂഷ പരാജയപ്പെടുകയാണെങ്കിൽ വേറേ ബിസിനസ് ചെയ്യാൻ തയ്യാറാകും. ഒരിക്കൽ ഒരു യോഗത്തിൽ ശുശ്രൂഷകരുടെ വിഷയങ്ങൾ പ്രാർഥിക്കാൻ അവസരം ഉണ്ടായി. ശുശ്രൂഷയെക്കുറിച്ചും വിശ്വാസികളുടെ വിടുതലിനെക്കുറിച്ചും ദൈവദാസന്മാർ പ്രാർഥന തുടങ്ങി. ഒരു ദൈവദാസന്റെ പ്രാർഥനാപേക്ഷ എനിക്കു കുൺ കൃഷിയുണ്ട്, അവയുടെ പിരോഗതിക്കുവേണ്ടി പ്രാർഥിക്കണം. അടുത്തു നിന്ന ദൈവദാസൻ അവയെ ഓർത്ത് പ്രാർഥിക്കുകയും ചെയ്തു. മറ്റൊരു ദൈവദാസന്റെ വിഷയം പട്ടി വളർത്തലിനെക്കുറിച്ചാണ്. പുതിയ കൃഷികൂടി വന്നിട്ടുണ്ട്. മണിചെയിൻ (നെറ്റ് വർക്ക്). ഈ അടുത്ത കാലത്ത് മണിചെയിൻ മേഖലയിൽ ഒരു പാസ്റ്റർക്ക് അവാർഡ് കിട്ടിയത്രേ. മറ്റ് ഏജൻസികൾ മതിയാക്കിയേ മതിയാകയുള്ളൂ. ദൈവശുശ്രൂഷയ്ക്കു യോഗ്യമല്ലാത്തിനെ വിട്ടുകളഞ്ഞിട്ടു നിയോഗിച്ചയച്ച സ്ഥലത്ത് നിശ്ചയിച്ച കാലയളവ് തീരുവോളം പ്രവർത്തിക്കണം. ഒരു സഭയിലെ ശുശ്രൂഷ തികെച്ചു പിരിയുമ്പോൾ എന്തൊക്കെ ചെയ്തു എന്നു വിലയിരുത്തിയിട്ടുവേണം അവിടെനിന്നു യാത്ര പറയുവാൻ. തന്റെ ശുശ്രൂഷാകാലത്ത് സഭയ്ക്കു വർധനവ് ഉണ്ടാകാതെയും ജനം വിടുതൽ പ്രാപിക്കാതെയും സഭയും ആഗ്രഹിച്ച വിധത്തിൽ ചലിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ തികഞ്ഞ പരാജയമാണെന്നു ഓർക്കുന്നത് നന്നായിരിക്കും. സുവിശേഷീകരണം എത്ര ചെയ്താലും എത്ര വാൻടൂർ സംഘടിപ്പിച്ചാലും ട്രാക്ടും മാസികകളും എത്ര പെരുകിയാലും അവയെല്ലാം പോരാതെ വരികയാണ്. ഒരോ ശുശ്രൂഷകനുമുണ്ടാകും ഓരോ പദ്ധതി.

ശുശ്രൂഷകന്മാരുടെ യോഗത്തിൽ എണ്ണം കുറയുകയാണ്. എല്ലാവർക്കും വലിയ തിരക്കാണ്. തീയതി എത്ര നേരത്തെ അടിച്ചുകൊടുത്താലും വേറേ പരിപാടിക്കു പോകും. മിക്കവാറും താത്പര്യക്കുറവുകൊണ്ടാണു പങ്കെടുക്കാതിരിക്കുന്നത്. അല്ലെങ്കിൽ എന്നും കേട്ട പല്ലവികൾ കേട്ടു മടുക്കുന്നതായിരിക്കും. കൂട്ടായ സുവിശേഷപ്രവർത്തനം നടക്കുന്നില്ല. താത്പര്യം ഉള്ളവർ തുലോം വിരളം. ആരെങ്കിലും സുവിശേഷപ്രവർത്തനത്തിനു തയ്യാറായാൽ മടുപ്പിക്കുന്നവരും ഉണ്ട്. ഈ അവസ്ഥയ്ക്കു മാറ്റം വന്നിരുന്നെല്ലെങ്കിൽ എന്നാശിക്കുന്നു. ഒരു സഹോദരനോ സഹോദരിയോ ദൈവദാസനോ ഇഷ്ടപ്പെടാത്ത പ്രവൃത്തികളോ ശുശ്രൂഷയോ ചെയ്താൽ സ്വകാര്യമായി വിളിച്ച് സംസാരിക്കാനും തെറ്റുകൾ ചൂണ്ടിക്കാണിക്കുവാനും കഴിയണം. അതല്ലാതെ പൊതുയോഗങ്ങളിലും മറ്റും പരസ്യവിമർശനങ്ങൾ ചെയ്താൻ വിഷയം വഷളാകുകതന്നെ ചെയ്യും. അവ ആരോഗ്യകരമായ ബന്ധത്തെ ഉലയ്ക്കും. ഫലി. 2: 3 വരെ പറയുന്നതുപോലെ സ്നേഹത്തിൽ ചെയ്യണം. മറ്റുള്ളവന്റെ ഗുണം കൂടെ നോക്കണം, ഗുണത്തെ അഭിനന്ദിക്കണം. വിശ്വാസികളെ കൂട്ടുപിടിച്ചുള്ള ദൈവഹിതത്തിനെതിരായുള്ള സാമ്രാജ്യമുറപ്പിക്കൽ ഒഴിവാക്കി ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി കൂട്ടായി ശ്രമിക്കാം. നാൾ അധികമില്ല. പ്രതിഫലവുമായി നമ്മുടെ കർത്താവു വേഗം വരും.

**തന്റെ ശുശ്രൂഷാകാലത്ത് സഭയ്ക്കു വർധനവ് ഉണ്ടാകാതെയും ജനം വിടുതൽ പ്രാപിക്കാതെയും സഭയും ആഗ്രഹിച്ച വിധത്തിൽ ചലിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ തികഞ്ഞ പരാജയമാണെന്നു ഓർക്കുന്നതു നന്നായിരിക്കും.**

# ജന്മനാടിനെ മറക്കാത്ത മിഷനറി പുത്രൻ

സി.വി. മാത്യു

ഹലോ, കൊച്ചുസായിപ്പല്ലേ
അതെ,
ഞാൻ ഗുഡ്ന്യൂസിൽനിന്ന്-
മാത്യു സഹോദരനല്ലേ, എവിടെനിന്നാണു വിളിക്കുന്നത്, എന്തെല്ലാമാണ് വിശേഷങ്ങൾ....

പല വർഷങ്ങളായി അമേരിക്കയിൽ ചെല്ലുമ്പോഴെല്ലാം കൊച്ചു സായിപ്പെന്ന ഓമനപ്പേരിൽ വിളിക്കുന്ന ജോർജ് കുക്കിനെ ഞാൻ ഫോണിൽ വിളിക്കാറുണ്ട്. ഫോണിൽ ലഭിച്ചില്ലെങ്കിൽ മെസ്സേജ് നോക്കി കൃത്യമായി തിരികെ വിളിച്ചു സംസാരിക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു.


ഗുഡ്ന്യൂസ് എന്നു കേൾക്കുമ്പോൾ സംസാരിക്കുവാൻ അദ്ദേഹത്തിനു നൂറു നാവായിരുന്നു. തനി മലയാളത്തിൽ വിവരങ്ങൾ തിരക്കുന്നതു കേൾക്കുവാൻ എനിക്കും ഏറെ സന്തോഷം. ഞങ്ങൾ തമ്മിൽ കണ്ടിട്ടില്ല. പക്ഷേ, ഫോട്ടോ അയച്ചുതന്നു താൻ ആ വിടവു നികത്തുവാൻ ശ്രമിച്ചു. കൊളറാഡോയിൽ പോയി അദ്ദേഹത്തെ കണ്ടു സംസാരിക്കണമെന്നു ആഗ്രഹിച്ചെങ്കിലും അതിനു സാവകാശം ലഭിച്ചില്ല.

ഇന്ത്യയിൽ മിഷണറിയായെത്തിയ കുക്കുസായിപ്പിനെക്കുറിച്ചറിയാത്ത വിശ്വാസികളുണ്ടാവില്ല. മൈസൂരിലായിരുന്നു കൊച്ചുസായിപ്പിന്റെ ജനനം. മാതാപിതാക്കളോടൊപ്പം ഭാരതത്തിലുടനീളം സഞ്ചരിച്ച അദ്ദേഹം അതതു സ്ഥലത്തെ ജനങ്ങളുമായി ഇടപഴകുവാനും ഭാഷ പഠിക്കുവാനും ശ്രമിച്ചു. ഇംഗ്ലീഷിനു പുറമെ ഹിന്ദി, തമിഴ്, കന്നഡ, മലയാളം, ഉറുദു ഭാഷകൾ കൈകാര്യം ചെയ്യുവാൻ ജോർജ് കുക്ക് അഭ്യസിച്ചു.

മലയാള മണ്ണിനോടുള്ള തന്റെ സ്നേഹബന്ധം ആഴത്തിലുള്ളതാണ്. പിതാവിനോടൊപ്പം താമസിച്ച മുളക്കുഴയും കുമ്പനാടും മനസ്സിൽ പച്ചപിടിച്ചുനിന്നു. ന്യൂയോർക്കിൽ ആയിരുന്നപ്പോൾ ഞാൻ താമസിച്ച വീട്ടിലെ ജോസഫ് കുമ്പനാടിനെ പരിചയപ്പെടുത്തി. കുമ്പനാട് എന്നു കേട്ടപ്പോൾ താൻ വാചാലനായി. അവിടത്തെ ദൈവസഭയെക്കുറിച്ചും ഹെബ്രോൻ പുരത്തെക്കുറിച്ചും തിരക്കിയ താൻ അന്നു പരിചയപ്പെട്ട ഓരോ പിതാക്കന്മാരുടെയും പേരെടുത്തു വിശേഷങ്ങൾ തിരക്കി. കുമ്പനാട്ടെ വിശ്വാസികളുടെ വീടുകളും പുരയിടങ്ങളും ഊടുവഴികളും എല്ലാം തനിക്കു മന:പാഠമായിരുന്നു. അന്വേഷണം മുഴുവനും പച്ച മലയാളത്തിലും.

നാടുവിടുമ്പോൾ മലയാളം മറക്കുന്ന 'മലയാളി സായിപ്പു'മാരിൽനിന്നു തികച്ചും വ്യത്യസ്തനായിരുന്നു കൊച്ചു സായിപ്പ്. മലയാളം പറയുന്നത് സ്റ്റാറ്റസിനു കുറവാണെന്നു കരുതുന്ന, വീട്ടിൽപ്പോലും മാതൃഭാഷ സംസാരിക്കുവാൻ അറപ്പു കാണിക്കുന്ന നിരവധി മലയാളികൾ അമേരിക്കയിലുണ്ട്. ഉത്തരേന്ത്യൻ കുടുംബങ്ങൾ അവരുടെ സ്വകാര്യ സംഭാഷണം മുഴുവൻ അവരവരുടെ ഭാഷയിലാണ്. അതവർക്കു അഭിമാനമാണ്. പല കടകളുടെയും പേരുകൾ അവരുടെ ഭാഷയോടും സംസ്കാരത്തോടും ബന്ധപ്പെട്ടവയാണ്. സന്ദർശകരുടെ മുമ്പിൽവെച്ചു പോലും അവർ തമ്മിൽ സംസാരിക്കുക അവരുടെ മാതൃഭാഷയിലാണ്. പക്ഷേ, 'മളയാളി'കൾക്കു മലയാളം പറയുന്നത് അപമാനം! അവരുടെ കുട്ടികൾക്കു കേരളസംസ്കാരം പരിചയപ്പെടുത്തുന്നതു മാനഹാനി. ഇതിനിടയിലാണു ദീർഘവർഷങ്ങളായി അമേരിക്കയിൽ പാർക്കുന്ന കൊച്ചു സായിപ്പ് മലയാളം മറക്കാത്തതും വായിക്കുന്നതും എഴുതുന്നതും.

ഗുഡ്ന്യൂസ് പ്രവർത്തനങ്ങളെ ആത്മാർഥതയോടെ സ്നേഹിച്ച ഞങ്ങളുടെ സുഹൃത്തായിരുന്നു കൊച്ചു സായിപ്പ്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് 1993-മുതൽ ഗുഡ്ന്യൂസ് സൗജന്യമായി അയച്ചുകൊടുത്തുകൊണ്ടിരുന്നു. ഗുഡ്ന്യൂസ് ലഭിച്ചാൽ ആദ്യാവസാനം ശ്രദ്ധയോടെ താൻ വായിച്ചു തീർത്തിരുന്നു എന്നെനിക്കു മനസിലായതു ചില അച്ചടിത്തെറ്റുകളും ആശയപ്പിഴവുകളും ഭാഷാന്യൂനതയും ചൂണ്ടിക്കാണിച്ചപ്പോഴാണ്- ഒപ്പം ഒരു കമന്റും: ആഴ്ചതോറും പുറത്തിറക്കാനുള്ള ബദ്ധപ്പാടിനിടെ ഇതൊക്കെ സ്വാഭാവികം. എങ്കിലും കൂടുതൽ ശ്രദ്ധിക്കുവാൻ സഹപ്രവർത്തകരോടു പറയുവാൻ ഓർമിപ്പിച്ചെന്നു മാത്രം.


1930 North 4th St
Grand Junction, Co
USA 81501-7402
July 21, 1997

Dear Brother Mathew:
അവിടെ നിന്നും July 11 ന് പോസ്റ്റ് ചെയ്ത കത്ത് ഇന്ന് കിട്ടി. ചില ആഴ്ചകൾക്കു മുമ്പ് അയച്ച എഴുത്ത് ഇതു വരെ കിട്ടിയില്ല. അതിന്റെ കാരണമെന്താണെന്നു എനിക്കു അറിഞ്ഞുകൂടാ. എന്തായാലും വളരെ ധൃതഗതിയിൽ ഒരു ആശംസ എഴുത്തു രചിച്ചു, ഇതോടുകൂടെ അയച്ചുതരുന്നു. തെറ്റുകളെ ക്ഷമിക്കുമല്ലോ! നാട്ടിൽനിന്നു ഇവിടെ വന്നിട്ടു ഇപ്പോൾ 57 കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. മലയാളം എഴുതുവാൻ അധികം practice കിട്ടുന്നില്ല!
Good News എനിക്കു വളരെ ആശ്വാസകരമാണ്. ഞങ്ങൾക്കു ഇന്ത്യയിലേക്കു തിരികെ വരുവാൻ വളരെ ആഗ്രഹമുണ്ട്, എന്നാൽ അതു അസാധ്യമാണെന്നു തോന്നുന്നു. എനിക്കു ഇപ്പോൾ ഏകദേശം 78 വയസ്സു പ്രായമുണ്ട്. ഭാര്യക്കു 73! ഞങ്ങൾക്കു നല്ല സുഖമില്ല. എനിക്കു എപ്പോഴും വല്ലാത്ത ക്ഷീണവും തളർച്ചയും ഉണ്ട്. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ!
Good News അയച്ചുതരുന്നതിനു വളരെ വളരെ നന്ദി. IT IS A WONDERFUL PUBLICATION!
God bless you all.
Sincerely,
George Cook
(കൊച്ചുസായ്പ്)

*ഗുഡ്ന്യൂസിന്റെ ആയിരാമതു ലക്കം സുവനീറിലേക്കുള്ള ആശംസയോടൊന്നിച്ചയച്ച കത്ത്.*

കഴിഞ്ഞവർഷം യാത്രയ്ക്കിടയിൽ അല്പസമയം കൊളറാഡോയിലെ ഒരു എയർപ്പോർട്ടിൽ തങ്ങേണ്ടിവന്നു. അവിടെനിന്നും അവസാനമായി ഞാൻ കൊച്ചുസായിപ്പിനെ വിളിച്ചു. അന്നു തന്റെ ശബ്ദം ഇടറിയിരുന്നു. താൻ പറഞ്ഞു: സഹോദരാ, എന്റെ കണ്ണിനു തീരെ കാഴ്ച പോരാ, വായിക്കുവാൻ നിവൃത്തിയില്ല, അതുകൊണ്ടു ദയവായി ഗുഡ്ന്യൂസ് അയയ്ക്കുന്നത് നിർത്തുക. ഞാൻ ഗുഡ്ന്യൂസിനെയും സഹോദരനെയും ഓർത്തു തുടർന്നു പ്രാർഥിക്കും.

ഭാരത് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച ബൈബിളിനെക്കുറിച്ചറിഞ്ഞ അദ്ദേഹം അത് ആവശ്യപ്പെട്ടു. പോക്കറ്റ് എഡിഷന്റെ ഒരു കോപ്പി ഞാൻ അയച്ചുകൊടുത്തു. അതു വായിച്ച ശേഷം ഭാഷാമികവ്, അച്ചടിയുടെ തെളിമ തുടങ്ങിയവ എടുത്തുപറഞ്ഞ് മലയാളത്തിൽതന്നെ എഴുതിയ കത്ത് ഏറെ പ്രോത്സാഹജനകമായിരുന്നു. തമിഴ് കോപ്പി ലഭിച്ചപ്പോഴും താൻ ആഹ്ലാദത്തോടെ അഭിനന്ദനക്കത്ത് അയച്ചു.

കുവൈറ്റിലെ സ്നേഹിതർ എനിക്കൊരു അവാർഡ് നൽകിയെന്നു ഗുഡ്ന്യൂസിലൂടെ അറിഞ്ഞ താൻ ഒരു കത്ത് അയച്ച് അഭിനന്ദിച്ചു. ദീർഘവർഷങ്ങളായി ഭാരതീയ ഭാഷകൾ തുടരെ കൈകാര്യം ചെയ്യാത്തതിനാൽ സംസാരിക്കുമ്പോൾ ഒഴുക്കു കുറവായിരുന്നെങ്കിലും തെറ്റുകളോ വ്യാകരണപ്പിശകുകളോ ഉണ്ടായിരുന്നില്ല.

ജനിച്ച നാടിനെയും ഇവിടത്തെ സംസ്കാരത്തെയും മറക്കാത്ത കൊച്ചു സായിപ്പ് നമുക്കൊരഭിമാനമാണ്. ഒരിക്കൽ അദ്ദേഹമെഴുതി: ഇന്ത്യയിൽ വരണമെന്നാഗ്രഹമുണ്ട്, പക്ഷേ, ആരോഗ്യസ്ഥിതി അനുവദിക്കാത്തതുകൊണ്ടു കഴിയുമെന്നു തോന്നുന്നില്ല. ഇന്ന് അദ്ദേഹം രോഗവും കഷ്ടതയുമില്ലാത്ത ഇമ്പങ്ങളുടെ പറുദീസയിൽ വിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തെ മുഖാമുഖമായി കാണാം എന്ന പ്രത്യാശയ്ക്കായി സ്തോത്രം. ■

അഭിമുഖം

# മലയാളിയെ സ്നേഹിക്കുന്ന, മലയാളം മറക്കാത്ത കൊച്ചു സായ്പ്

***മലയാളഭാഷയെയും മലയാളഗാനങ്ങളെയും എന്നും നെഞ്ചിലേറ്റിയിരുന്ന റവ. ജോർജ് കുക്ക് ഗുഡ്ന്യൂസ് വിദേശകാര്യ ലേഖകനുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ. പൂർണരൂപം 2008 ജനുവരി 21ലെ ഗുഡ്ന്യൂസിൽ പ്രസിദ്ധീകരിച്ചിരുന്നു.***

റോയി വാകത്താനം

***ജനനവും ബാല്യവും?***

കർണാടക സംസ്ഥാനത്തെ ഡോഡ്വാൽപ്പൂരിൽ ജനിച്ചു. മാതാവ് ബെർത്ത. അഞ്ചു വയസ്സുവരെ മൈസൂരിലായിരുന്നു. തുടർന്നു അമേരിക്കയിലേക്കു മടങ്ങിപ്പോന്നു. ഏഴു വയസ്സുള്ളപ്പോൾ ഇന്ത്യയിലേക്കു തിരിച്ചുപോയി. നീലഗിരിയിലായിരുന്നു ആ സമയത്തു താമസിച്ചിരുന്നത്. പിന്നീട് ഇരുപതു വർഷം തുടർച്ചയായി ഞാൻ ഇന്ത്യയിൽ പ്രത്യേകിച്ച്, കേരളത്തിൽ താമസിച്ചു.

***സഹോദരങ്ങൾ ആരൊക്കെയാണ്?***

കുക്കു സായിപ്പിനു അഞ്ചു മക്കൾ ആയിരുന്നു. ഞങ്ങൾ മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരും. മൂത്ത സഹോദരി ബ്ലോസം, എല്ലാവരും അവളെ കൊച്ചു മദാമ്മ എന്നു വിളിച്ചിരുന്നു. അവളുടെ വിവാഹം ഒരു നേവി ഉദ്യോഗസ്ഥനുമായി ഇന്ത്യയിൽ നടന്നു. അറ്റ്ലാന്റയിൽവച്ചു മരിച്ചു. രണ്ടാമത്തെ സഹോദരി ഡൊറോത്തി 34 വയസ്സുള്ളപ്പോൾ മൂന്നാമത്തെ പ്രസവത്തോടനുബന്ധിച്ചു മരിച്ചു. ആൺമക്കളിൽ മൂത്തവനാണു ഞാൻ. എന്നെ ആളുകൾ കൊച്ചു സായിപ്പ് എന്നു വിളിച്ചിരുന്നു. ഇളയ സഹോദരൻ പോൾ ചർച്ച് ഓഫ് ഗോഡിലെ ഒരു ശുശ്രൂഷകൻ ആയിരുന്നു. ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. ഏറ്റവും ഇളയ സഹോദരൻ അലക്സ് സി. പി. എ. കൊളറാഡോയിൽ താമസിക്കുന്നു.

***കേരളത്തിലെ ഏതൊക്കെ സ്ഥലങ്ങൾ ഓർമയുണ്ട്?***

തൃക്കണ്ണമംഗൽ, മഴുക്കീർ, പുനലൂർ, മുളക്കുഴ, കുമ്പനാട് തുടങ്ങി എന്റെ പിതാവു സുവിശേഷപ്രവർത്തനങ്ങൾ നടത്തിയ മിക്ക സ്ഥലങ്ങളും ഓർമയിലുണ്ട്.

***ഓർമയിലുള്ള രസകരമായ സംഭവങ്ങൾ?***

ചെറുപ്പത്തിൽ ഞാൻ മരങ്ങൾ കയറുമായിരുന്നു. തെങ്ങിലും പ്ലാവിലും ഒക്കെ കയറിയതും സീയോൻ കുന്നിലെ കിണറ്റിൽ ഇറങ്ങിയതും ഓർക്കുന്നു.

***കുക്കു സായിപ്പിന്റെ പ്രവർത്തനങ്ങളിൽ ഏതൊക്കെ നിലയിൽ സഹായിച്ചു?***

കൺവൻഷനുകളിൽ പന്തൽ ഇടുന്നതിനും പെട്രോമാക്സും മറ്റും തെളിക്കുന്നതിനും ഒക്കെ സഹായിച്ചിട്ടുണ്ട്. ചിലപ്പോൾ യോഗനടത്തിപ്പിന്റെ നേതൃത്വവും ഏറ്റെടുത്തിട്ടുണ്ട്.


*ജോർജ് കുക്കും ഭാര്യ മിറിയമും പാസ്റ്റർ തമ്പി മാത്യുവിനോടൊപ്പം.*

***ഭാരതീയ ഭാഷകൾ എങ്ങനെയാണു പഠിച്ചത്?***

ഭാസ്കർ ശാസ്ത്രി സംസ്കൃതം പഠിപ്പിച്ചു. ജ്ഞാനപ്രകാശം തമിഴും പത്മനാഭ പിള്ള ഹിന്ദിയും അഭ്യസിപ്പിച്ചു. ടി. എം. വർഗീസ് പാസ്റ്ററായിരുന്നു മലയാളം പഠിപ്പിച്ചത്. എന്റെ ഭാര്യ മറിയത്തിന് ഉർദു അറിയാം.

***കുക്കു സായിപ്പിനു ഭാരതീയ ഭാഷകൾ അറിയാമായിരുന്നോ?***

ഇല്ല. കുക്കു സായിപ്പിനു ദൈവം ഭാഷാവരം നൽകിയിരുന്നില്ല എന്നുവേണം കരുതാൻ. 'സ്തോത്രം', 'ക്രൂശിന്മേൽ', 'ഭ്രാന്തൻ'

10


*കൊച്ചു സായ്പ് റോയി വാകത്താനവുമായി സംസാരിക്കുന്നു. റെജി ഫിലിപ്പ് സമീപം.*

# ഉയർച്ചയുടെ പടവുകൾ

നേട്ടങ്ങൾ വെട്ടിപ്പിടിക്കുവാനുള്ള നെട്ടോട്ടത്തിലാണു മനുഷ്യൻ. കുറഞ്ഞ സമയംകൊണ്ടു കൂടുതൽ കാര്യങ്ങൾ നേടുക, എങ്ങനെയെങ്കിലും വലിയവനാകുക, ഉയർച്ചയുടെ പടവുകൾ എത്രയും പെട്ടെന്നു കയറുക എന്നിങ്ങനെ പോകുന്നു മനുഷ്യന്റെ ലക്ഷ്യങ്ങൾ. ലാഭംമാത്രം നോക്കിയുള്ള യാത്രയിൽ ആർക്കും ഒന്നിനും സമയമില്ല. ലക്ഷ്യങ്ങൾ എത്തിപ്പിടിക്കുവാൻ കുറുക്കുവഴികൾ കണ്ടുപിടക്കുവാനാണു അധികസമയവും ചെലവഴിക്കുന്നത്. മോഹങ്ങൾ നേടുവാൻ സ്വാർഥമനോഭാവത്തോടെ തന്ത്രങ്ങൾ മെനഞ്ഞ് മാനസികപിരിമുറുക്കത്തോടെ ഓടുകയല്ലേ നാം? എവിടെയാണു നമ്മുക്കു പാളിച്ച പറ്റിയത്. നമ്മിലുള്ള ദൈവവിശ്വാസവും പ്രത്യാശയും എവിടെപ്പോയി? എന്തുകൊണ്ടു കാത്തിരിക്കുവാൻ മനസ്സില്ല. പിശാചിന്റെ മോഹനവാഗ്ദാനങ്ങളുടെ പുറകെ ദൈവഹിതമെന്നു ന്യായീകരിച്ച് ഉയർച്ചകളെ എത്തിപ്പിടിക്കുവാനുള്ള വ്യഗ്രതയിൽ നാം ഈ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുവാൻ മറക്കുന്നു.

ഈ അവസരത്തിൽ ഉയർച്ച നേടുവാൻ ദൈവവചനം എന്താണു പഠിപ്പിക്കുന്നത് എന്നു മനസിലാക്കേണ്ടതു അത്യന്താപേക്ഷിതമാണ്. അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ" (1 പത്രൊസ് 5:6). നമ്മിലുള്ള ദൈവിക വിശ്വാസം വർധിച്ചെങ്കിലേ നമുക്കു വചനപ്രകാരം ജീവിക്കുവാൻ കഴിയൂ. നാം ഉയർച്ചകളെ എത്തിപ്പിടുക്കുവാൻ ദുഷ്ടലാക്കോടെയല്ല പ്രവർത്തിക്കേണ്ടത്. മറിച്ച്, ദൈവസന്നിധിയിൽ താണിരിക്കുന്നവർക്കു ശ്വാശതമായ ഉയർച്ച പ്രാപിക്കുവാൻ കഴിയും എന്ന യാഥാർഥ്യം അംഗീകരിക്കണം.

**ദൈവത്തിന്റെ ബലമുള്ള കരം**

ദൈവത്തിന്റെ കരത്തെക്കുറിച്ച് ബോധ്യമാകുമ്പോൾ ഒരാൾ സ്വയം ഉയരുവാൻ ശ്രമിക്കയില്ല. ശൂന്യതയിൽനിന്നു സകല



ബിന്നി സി. മാത്യു (ഷാർജ)

ത്തെയും സൃഷ്ടിച്ച ആ കരം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. താഴ്മയുള്ളവനെ ഉയർത്തുന്ന ആ കരത്തിൽ ആശ്രയിക്കുന്നവർക്കു കുറുക്കുവഴികളുടെ പുറകെ ഓടേണ്ട ആവശ്യമില്ല. ദർശനം ലഭിച്ച യോസേഫിന്റെ ജീവിതത്തിൽ

> **നമ്മെ ഒരു സ്ഥാനത്ത് ആക്കുവാൻ ദൈവത്തിനു പ്രസാദമുണ്ടെങ്കിൽ അതു ദൈവത്തിന്റെ സമയത്തു നടന്നിരിക്കും. നാം ചെയ്യേണ്ടതു ദൈവത്തിനു നമ്മെ സമർപ്പിക്കുകയാണ്.**

പ്രതിസന്ധിയുടെ അഗ്നിശോധനയിലൂടെ കടക്കുമ്പോൾ ദൈവം തന്റെ കരത്തിൽ വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആയതുകൊണ്ടു ദൈവം അവനെ ഉയർത്തുവാൻ ഇടയായി (ഉല്പ: 41:42,43).

**ദൈവത്തിന്റെ വഴി**

"ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും" (സങ്കീ.32:8). ഉയർച്ച പ്രാപിക്കുവാൻ ദൈവത്തിന്റെ പൈതൽ ദൈവത്തിന്റെ വഴിയിലൂടെ പോകണം. യോസേഫ് ദർശനം പ്രാപിച്ചുവെങ്കിലും ദൈവത്തിന്റെ വഴിയിലൂടെ സഞ്ചരിച്ചാണു പൂർത്തീകരണം പ്രാപിക്കുവാൻ കഴിഞ്ഞത്. ഉയർച്ച പ്രാപിക്കുവാനുള്ള വഴി സുഖകരമാകണമെന്നില്ല. ചിലപ്പോൾ സന്തോഷമായിരിക്കും. അതു ദൈവവമാണു നിശ്ചയിക്കുന്നത്. ഏതായാലും ആ വഴിയിലൂടെ പോകുന്ന ഒരാൾ മാത്രമേ ദൈവിക ഉയർച്ച പ്രാപിക്കുകയുള്ളൂ.

യാക്കോബ് യോസേഫിനു നിലയങ്കി വാങ്ങിക്കൊടുത്തപ്പോൾ മുതൽ ഉയർച്ചയിലേക്കുള്ള വഴി തുറക്കപ്പെടുകയായിരുന്നു (ഉല്പത്തി.37:4). അവിടുന്നു പൊട്ടക്കിണർ, പൊത്തീഫറിന്റെ ഭവനം, കാരാഗൃഹം ഇങ്ങനെ ഉയർച്ചയുടെ വഴികൾ പട്ടുമെത്തയല്ലായിരുന്നു. കല്ലുകൾനിറഞ്ഞ പാതകളായിരുന്നു. അവിടെയും ധൈര്യത്തോടെ മുന്നേറിയ യോസേഫ് ഉയർച്ച പ്രാപിച്ചു. കഷ്ടതയുടെയും ഉപദ്രവത്തിന്റെയും പട്ടിണിയുടെയും സമയത്ത് ഇത് എന്തുകൊണ്ട് സംഭവിക്കുന്നു എന്നു ചിന്തിച്ചു വ്യാകുലരാകേണ്ട ആവശ്യമില്ല. യോസേഫിനെപ്പോലെ, ആയിരിക്കുന്നിടത്തു വിശ്വസ്തതയോടെ വിശുദ്ധിയോടെ നിലനിൽക്കുക. ഉയർച്ചയുടെ വഴി ദൈവമാണു നിശ്ചയിക്കേണ്ടത്.

**ദൈവത്തിന്റെ സമയം**

വിധി, തലവര എന്നീ സംഭാഷണങ്ങൾ നാം കേൾക്കാറുണ്ട്. എന്നാൽ യഥാർഥ ക്രൈസ്തവ വിശ്വാസി ഒരിക്കലും ഇങ്ങനെ പറഞ്ഞു പഴിചാരുവാൻ പാടില്ല. മറിച്ച്, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക. ദൈവത്തിനു തക്കസമയം ഉണ്ട്. അതിനു വ്യത്യാസം ഉണ്ടാകില്ല. നമ്മെ ഒരു സ്ഥാനത്ത് ആക്കുവാൻ ദൈവത്തിനു പ്രസാദമുണ്ടെങ്കിൽ അതു ദൈവത്തിന്റെ സമയത്തു നടന്നിരിക്കും. നാം ചെയ്യേണ്ടതു ദൈവത്തിനു നമ്മെ സമർപ്പിക്കുകയാണ്. ദർശനം ലഭിച്ചുകൊണ്ട് അതു നമ്മുടെ സമയത്തു നടക്കണമെന്നു നാം വാശിപിടിക്കുവാൻ പാടില്ല. യോസേഫ് ദർശനം കണ്ടത് 17-ാമത്തെ വയസ്സിലാണ് (ഉല്പത്തി 37:27). എന്നാൽ, അതിന്റെ നിവൃത്തി 13 വർഷത്തെ കാത്തിരിപ്പിനു ശേഷമായിരുന്നു. നാം ആഗ്രഹിക്കുന്ന സമയത്തു നമുക്കു ലഭിച്ച ദർശനം പ്രാപിപ്പാൻ നാം ശ്രമിക്കുമ്പോൾ ഓർക്കുക, അതു പരാജയത്തിലേക്കാണു നമ്മെ കൊണ്ടെത്തിക്കുന്നത്. ചിലപ്പോൾ നാം ഉയർച്ച പ്രാപിച്ചു എന്നു സ്വയം സന്തോഷിക്കുമ്പോഴും ദൈവപ്രസാദത്താലുള്ള ഉയർച്ച നമുക്കു ലഭിക്കുകയില്ല. അതുകൊണ്ടു പിറുപിറുപ്പു കൂടാതെ ദൈവത്തിന്റെ സമയം വരെ കാത്തിരുന്നേ മതിയാവൂ. ബാല്യക്കാർ തളർന്നുപോകും. യൗവനക്കാർ ഇടറിവീഴും എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. കാത്തിരിപ്പ് മടിപ്പ് ഉളവാക്കുവാൻ സാധ്യതയുണ്ട്. എന്നാൽ, ഒരു ദൈവപൈതൽ അതിനെ അതിജീവിച്ച് മുന്നോട്ടു പോകുവാൻ തയ്യാറാകണം.

ഉയർച്ച പ്രാപിക്കുന്നത് നല്ലതാണ്. എന്നാൽ, ദൈവിക ഉയർച്ച മാത്രമേ ശാശ്വതമായി നില്ക്കൂ. ആയതുകൊണ്ടു ദൈവത്തിന്റെ ബലമുള്ള കരത്തിൽ കീഴിൽ ദൈവത്തിന്റെ വഴിയിലൂടെ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാം. ദൈവം നമ്മെ തക്കസമയത്ത് ഉയർത്തും.

കവിത

അനു തോമസ് ആലുങ്കൽ

## വിതക്കാരന്റെ ഉപമ

ദൂരെ അസ്മയസൂര്യന്റെയന്ത്യരശ്മികളേറ്റുവാങ്ങി
ഗലീലാക്കടലലകൾ സുഖദം ശയിച്ചു.
ഇളകിമറിയുന്ന ഓളപ്പരപ്പുകളിൽ
അരുണവർണം പതഞ്ഞടങ്ങുകയായ്
നുനുത്ത പൂഴിമണ്ണിൽപ്പതിയുന്ന കാലടികൾ
ഉയരുന്ന പിറുപിറുപ്പുകൾ
ഇരുൾച്ചിറകുകൾ കനംവയ്ക്കുന്ന
ഗലീലാതീരങ്ങൾപിന്നെയും ശബ്ദായമായി
തിടുക്കത്തിലെങ്ങോ നടന്നകലുന്ന കാലടികൾ
ഗലീലതൻതീരം പിന്നെയുമൊരുജന
സാഗരമായിത്തീരുന്നു
വിഷാദം പടരുന്ന ഒരായിരം കണ്ണുകൾ
ആരെയോ തേടുന്നപ്പോലെ
മിഴിനീർച്ചാലുകൾ പരന്നുവറ്റിയ മുഖങ്ങളിൽ
പൊടുന്നനവേ വിഷാദം മായ്ക്കുകയായ്
ആർദ്രമായൊരായിരം മിഴികളിൽ തെളികയായ്
ഒരു രക്ഷകന്റെ പ്രതിഫലം
ഉയരുന്ന നെടുവീർപ്പുകൾ, കിതയ്ക്കുന്ന
നിശ്വാസങ്ങൾ
താളംതെറ്റിയിടിക്കുന്ന ഹൃദയങ്ങൾ.
തീരം ചേർന്നുകിടന്ന പടകുകളിലൊന്നിലിരുന്ന്
അവൻ ഉപമകളാരംഭിച്ചു
ഒരുവിതക്കാരന്റെ ഉപമ
വട്ടിനിറയെ വിത്തെടുത്ത് നല്ല നിലം തേടിയിറങ്ങിയ
ഒരു വിതക്കാരന്റെയുപമ
ആ പടക് എന്റെ ജീവിതമായിരുന്നുവോ?
അതേ, എന്റെ ജീവിതം, നിന്റെയും?
കളയും മുള്ളും പറക്കാരയും നിറഞ്ഞയെൻ
ഹൃദയഭൂമിയിലേക്കെപ്പോഴോ,
അവൻ, ഒരു വിതക്കാരനായി കടന്നുവന്നു
വീശിയടിക്കുന്ന കടൽക്കാറ്റിൻ കുളിരിലുമെൻ
ഹൃദയം തപിച്ചു വിങ്ങിനിന്നു
അവന്റെ വചനമെൻ ഹൃദയനിലമതിൽ
കളയെനീക്കിയുഴുതുമറിക്കയായ്
ചാലുതെളിഞ്ഞ നിലത്തേക്കു വീണ്ടും
വിത്തെറിയുന്നു വിതക്കാരനായവൻ
ആഴത്തിലേക്ക്, ആണ്ടുപോകുന്ന വിത്തുകൾ
"കായ്ക്കനന്നായ്, ഫലം നൽകയറുപതും-
നൂറും മേനി സമൃദ്ധിയായെന്നെന്നും"
എന്നനുഗ്രഹിച്ചകലുന്നു വിതക്കാരൻ.
ഉഴുതുമറിക്കപ്പെട്ട നിലത്തിലേക്കു തന്നെ
പിന്നെയും വചനവിത്തെറിഞ്ഞീടാനായ്....


**ബ്രദർ പോൾ എഴുതുന്നു**

*വിജയം നേടുവാനുള്ള നെട്ടോട്ടത്തിലാണു ആധുനിക തലമുറ. നേട്ടങ്ങൾക്കുള്ള കുറുക്കുവഴികളിൽപ്പെട്ട് കുഴയുന്നവരും ഇല്ലാതില്ല. ഈ അവസരത്തിലാണു യഥാർഥ വിജയത്തെക്കുറിച്ചുള്ള വേദപുസ്തകചിന്തയുടെ പ്രസക്തി സഹോദരൻ ബിന്നിയുടെ ലേഖനം ഈ വിഷയത്തിൽ ഒരു വിചിന്തനത്തിനു വഴിയൊരുക്കുന്നു. നവയുവതലമുറയുടെ പൊങ്ങച്ചത്തിന്റെ നിരർഥത വിളിച്ചറിയിക്കുന്നതാണു റോയിയുടെ ഭാവന. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ ചെയ്യുന്ന കാര്യങ്ങളുടെ ഒന്നുമില്ലായ്മ നാം ഗ്രഹിച്ചിരുന്നെങ്കിൽ. നമുക്കു ഒരു മാറ്റത്തിനുവേണ്ടി പ്രാർഥിക്കുകയും യത്നിക്കുകയും ചെയ്യാം.*

ഭാവന



റോയി മേപ്രാൽ



# ചാക്കോച്ചന്റെ മടക്കയാത്ര

**2025** പുതുവർഷപ്പുലരി. ചാക്കോച്ചൻ ബ്രദറിനെയും വഹിച്ചുകൊണ്ടുള്ള പേടകം മേഘപാളികളെ കീറിമുറിച്ച് ഭൂമിയിലേക്കു പായുകയാണ്. ബുധൻ, ശുക്രൻ, ചൊവ്വ എന്നീ ഗ്രഹങ്ങളെ മറികടന്നുള്ള രഥയാത്ര ചാക്കോച്ചനു സുഖമായി തോന്നി. ഓരോ ഗ്രഹവും കടന്നുപോകുമ്പോൾ താൻ തലയുയർത്തി അവിടെങ്ങാനും മനുഷ്യരുണ്ടോ എന്നു നോക്കുന്നുണ്ടായിരുന്നു. ആരെയെങ്കിലും കണ്ടാൽ ഒരു മിനിട്ടു പേടകം പാർക്കുചെയ്ത് അല്പം കുശലംപറഞ്ഞു പിരിയാമെന്ന മോഹം പാഴാക്കുന്നതിൽ തനിക്കു കുണ്ഠിതം തോന്നിയെങ്കിലും ഭൂമിയിലെങ്കിലും ചെന്നു കുറെ മലയാളികളെ കാണാമെന്ന ആശ തന്റെ നിരാശയ്ക്കു മൂടുപടം ചൂടി. കുറെ ദിവസങ്ങളുടെ ഏകാന്തയാത്രയ്ക്കു അന്തംകുറിച്ച് അങ്ങകലെ തെളിഞ്ഞ ഭൂമിയുടെ ചക്രവാളങ്ങൾ ചാക്കോച്ചന്റെ കണ്ണുകൾക്കു കുളിർമ പകർന്നു. ഭൂമിയോടു അടുക്കുംതോറും ആകാംക്ഷ വർധിച്ചു. ഭൂമിയിലെ ഗുരുത്വാകർഷണവലയത്തിൽ പേടകം നന്നായി ഒന്ന് ഉലഞ്ഞു. ചാക്കോച്ചൻ ഭൂമിയിൽ ലാൻഡു ചെയ്യുവാനുള്ള തിരക്കിലായി. 2025 പുതുവർഷം തന്നെ കേരളത്തിൽ ഒരു സന്ദർശനത്തിനായി വരണമെന്നും അന്നു ജീവിച്ചിരുന്നവരെ കണ്ടു തന്റെ സുഹൃദ്‌വലയം വിശാലമാക്കി മടങ്ങിപ്പോകണമെന്നും ചില പതിറ്റാണ്ടുകളായി ആലോചിച്ചൊരുങ്ങുകയായിരുന്നു. പേടകത്തിന്റെ ശുചീകരണമുറിയിൽ കയറി താൻ മുഖം നന്നായി കഴുകി മിനുക്കി. മീശയും നീളൻ മുടിയും ചീകിമിനുക്കി പുതിയ കറുത്ത സൂട്ടും ഷൂസും ധരിച്ച് കണ്ണാടിയിൽ നോക്കി ഒന്നു പുഞ്ചിരിച്ചു. ലോകം വിട്ടിട്ട് മുപ്പതു വർഷമായി. തന്റെ പ്രായക്കാർ പലരും ഭൂമിയിൽ ജീവിച്ചിരിപ്പില്ലെന്നും ഉറപ്പാണ്. എന്നാൽ ബ്രദർ ചാക്കോ എന്നു പറഞ്ഞാൽ ആളു വേറെയാണ്. അരനൂറ്റാണ്ടായാലും മലയാളമക്കൾ മറക്കാത്ത വമ്പൻ കാര്യങ്ങൾ തട്ടിക്കൂട്ടിയാണ് അറുപതാമത്തെ വയസ്സിൽ താൻ മറുകര പറ്റിയത്. താൻ മടങ്ങിവന്നെന്നു കേട്ടാൽ മലയാളി സമൂഹം തന്നെ കാണാൻ ഓടിക്കൂടുമെന്നും ചാക്കോച്ചനുറപ്പുണ്ടായിരുന്നു.

ഭൂമിയുടെ ഉപരിതലത്തോടു അടുക്കുംതോറും പറക്കും തളികകൾപോലെ അനേകം പേടകങ്ങൾ ചാക്കോച്ചനു കാണാറായി. അവയിൽ ഒന്നു തന്റെ പേടകത്തെ ഇടിച്ചുതെറിപ്പിക്കാമായിരുന്നെങ്കിലും ബെൻസുകാറിന്റെ വളയം ഒറ്റവിരൽകൊണ്ടു നയിച്ചു ശീലിച്ച തന്റെ അവസരോചിതമായ നീക്കം കാരണം അപകടം ഉണ്ടായില്ല. എങ്കിലും വിമാനവും ഹെലിക്കോപ്റ്ററും മാത്രം കണ്ടിട്ടുള്ള തനിക്കു പുതിയതരം പറക്കുംവാഹനങ്ങളെ വിശ്വസിക്കാനായില്ല.

നാടു വിട്ടപ്പോഴത്തെ അറിവനുസരിച്ച് ലാൻഡുചെയ്യുവാൻ പറ്റിയ ഒരു വിലാസത്തിൽ ജി.പി.എസ്. ക്രമീകരിച്ചാണു ചാക്കോച്ചൻ യാത്ര തുടങ്ങിയത്. ലോകം വിട്ടുപോയപ്പോൾ അന്തിച്ചന്ത നടന്നിരുന്ന ഈ സ്ഥലം ഇന്നു അംബരചുംബികൾ കൈയടക്കിയിരിക്കുന്നു. വിശാലമായ മേൽക്കൂരയിലാകട്ടെ തന്റെ പേടകത്തെ വെല്ലുന്ന പറക്കും കാറുകൾ നിരത്തിയിട്ടിരിക്കുന്നു. അവയിലെങ്ങും മുട്ടാതെ ലാൻഡിങ് ഗിയർ ചലിപ്പിച്ച് ചാക്കോച്ചൻ തന്റെ പേടകവും ഒരു മൂലയിലിറക്കി. ബ്രീഫ് കെയ്സിൽ താൻ പ്രസിഡന്റായിരുന്ന പ്രസ്ഥാനങ്ങളുടെ സ്മരണികകൾ, താൻ ഉണ്ടാക്കിയ മിനിസ്ട്രിയുടെ ബ്രോഷറുകൾ, കോൺഫ്രൻസ് സപ്ലിമെന്റുകളുടെ പേപ്പർ കട്ടിങ്ങുകൾ, അവാർഡുകൾ, സിഡി, വീഡിയോ തുടങ്ങി പരിചയപ്പെടുത്താനുള്ള എല്ലാ സാമഗ്രികളും ഉണ്ടെന്നു ഉറപ്പാക്കി. പേടകത്തിന്റെ വാതിൽ തുറന്നു പുറത്തിറങ്ങുമ്പോൾ മനുഷ്യരെപ്പോലെ തോന്നിക്കുന്ന കുറെ ജീവികൾ തന്നെ പരിഹസിക്കുന്നതായി തോന്നി. ആണും പെണ്ണും ഇടകലർന്ന്, വസ്ത്രമുണ്ടെന്നും ഇല്ലെന്നും തോന്നുന്ന വിധത്തിൽ കൂട്ടംകൂടി ഇവർ തന്റെ പേടകത്തെ നോക്കി ചിരിക്കുകയാണ്. "ഹെ, അയാം ബ്രദർ ചാക്കോ, ഫൗണ്ടർ ഓഫ്..." പറഞ്ഞുതീരുംമുമ്പെ ചെറുപ്പക്കാർ ആർത്തു ചിരിക്കുവാൻ തുടങ്ങി. പിന്നെ ചാക്കോച്ചൻ നിന്നില്ല. എലിവേറ്ററിൽ കയറി നിരത്തിലിറങ്ങി പരിചയമുള്ളവരുണ്ടോ എന്നു തിരഞ്ഞുനടന്നു. എല്ലാവരും തിരക്കിലാണ്. വാഹനങ്ങൾ ആകെ മാറിയിരിക്കുന്നു. ചെരുപ്പിനടിയിൽ ഘടിപ്പിച്ച യന്ത്രത്തിന്റെ സഹായത്താൽ ജനം മിനുസമുള്ള നിരത്തിലൂടെ ഒഴുകുകയാണ്. താൻ മാത്രം ഇരുകാലിൽ നടക്കുന്നതുകണ്ട് ആളുകൾ അത്ഭുതത്തോടെ നോക്കുന്നു.

ഇനിയും ഇവിടെ നിന്നാൽ ആരെങ്കിലും തന്നെ പിടിച്ചുകെട്ടി പരീക്ഷണശാലയ്ക്കു കൈമാറാൻ സാധ്യതയുണ്ടെന്നറിഞ്ഞ് ഒരിടം തേടി ഓടി. പഴയ അന്തിച്ചന്തയുടെ ഏറ്റവും താഴെ ചപ്പുചവറുകൾ കൂട്ടിയിട്ട ഒരു മൂലയിൽ ചെന്നാണു ചാക്കോച്ചൻ ദീർഘശ്വാസം വിട്ടത്. ദാഹിച്ചെങ്കിലും നയാ പൈസപോലും ഇല്ലാതെയാണു യാത്ര തിരിച്ചത്. നാട്ടിലെത്തിയാൽ തന്നെ സ്വീകരണക്കാർ തേരിലേറ്റി നടക്കുമെന്നുറപ്പായതുകൊണ്ട് ആഹാരം വസ്ത്രം പാർപ്പിടം ഇവയൊന്നും കരുതിയില്ല. വിദേശങ്ങളിൽ പാർത്തപ്പോൾ എത്ര വിസിറ്റിങ് പാസ്റ്റർമാരെ തന്റെ ബൻസുകാറിൽ പട്ടണംതോറും ചുറ്റിക്കറക്കി തീറ്റിപ്പോറ്റിയിരുന്നു. ദാഹത്തോടെ ഒരു തൂണിൽ ചാരിയിരിക്കവെ ഒരു വൃദ്ധന്റെ ചുമ ചാക്കോച്ചൻ കേട്ടു. അയാൾ ചോദിച്ചു: "നിങ്ങൾ ആരാണ്?"

"ഞാൻ ബ്രദർ ചാക്കോ, നാടൊന്നു കാണാൻ വന്നതാണ്". "അപ്പച്ചനെന്താ ഇവിടെ ഇരിക്കുന്നത്?." അതൊരു കഥയാ കുഞ്ഞേ, മക്കളെയെല്ലാം വിദേശങ്ങളിൽ അയച്ചു നന്നായി പഠിപ്പിച്ചു. അവരൊക്കെ അവിടുത്തുകാരെ കെട്ടി പാർക്കുന്നു. ഒരെണ്ണം തിരിഞ്ഞു നോക്കിയിട്ടില്ല. ഞാനിങ്ങനെ ജീവിച്ചിരിക്കുവാ....

"ഞാൻ ഇവിടെ പണിക്കരുമഠത്തിലേതാ. പേരു മത്തായി മുതലാളി".

കുഞ്ഞേ, ആ കുടുംബമൊക്കെ മുടിഞ്ഞുപോയിട്ടു വർഷമെത്രയായി ആ പേരുപറഞ്ഞു നീ ഇനി അങ്ങോട്ടെങ്ങും പോകണ്ട.

ഞാൻ അങ്ങു മുകളിൽനിന്നു വരുവാ. ഈ ഭൂമിയിൽ ഒന്നു മടങ്ങിവന്നു ഞാൻ ജീവിച്ചിരുന്ന കാലത്ത് ചെയ്തുവച്ച പ്രവർത്തനങ്ങളുടെ വളർച്ചയും ഫലവും ഒന്നു കണ്ടു മടങ്ങിപോകാമെന്നു കരുതിയാ ഇറങ്ങി തിരിച്ചത്.

അപ്പം നീ സഞ്ചാരിയാ അല്ലേ. കുഞ്ഞേ സത്യം പറഞ്ഞാൽ വിസാ ഇല്ലാത്ത നിന്നെ വെളിയിൽ കണ്ടാൽ ഇവർ പിടിച്ചു വല്ല പോലീസിലും ഉടൻ ഏല്പിക്കും. അതുകൊണ്ടു വല്ലതും അറിയണമെങ്കിൽ ചോദിക്ക്. ഞാനാ ഈ നാട്ടിൽ ഏറ്റവും പ്രായം കൂടിയ മനുഷ്യൻ. ബ്രീഫ്കെയ്സിൽ താൻ കരുതികൊണ്ടുവന്നവ ഓരോന്നായി പുറത്തെടുത്തു. ഇതു കണ്ടോ ഞാനാണീ പ്രസ്ഥാനം തുടങ്ങിയത്. ഈ പഴയ സപ്ലിമെന്റുകൾ നോക്കൂ. തുടർച്ചയായി ഞാനായിരുന്നു നാലു വർഷം കോൺഫ്രൻസിന്റെ പ്രസിഡന്റ്. ഈ സി.ഡികൾ, വിഡീയോകൾ എല്ലാം എന്റെ പ്രജക്ടുകളാണ്.

നിർത്തൂ.. നീ ഇനി ഒരെണ്ണം പോലും പുറത്തെടുക്കരുത്. നോക്കൂ നിങ്ങളീപ്പറഞ്ഞ പ്രസ്ഥാനങ്ങളൊന്നും ഇന്നീ ഭൂമുഖത്തില്ല. നിങ്ങളെപോലുള്ള ചില അല്പന്മാർ സകലവും കൊന്നുമുടിച്ചു. പണവും പ്രതാപവും നേടുവാൻ നിങ്ങൾ പ്രസ്ഥാനങ്ങളെ പണിതുയർത്തി. നിങ്ങളുടെ സഞ്ചികൾ വീർപ്പിച്ചു. നിങ്ങളുടെ നേതാക്കന്മാർ പണം കൊടുത്തു വോട്ടുകൾ വാങ്ങി. അധികാരക്കസേരകൾ കൈവശംവച്ച് രാജാക്കന്മാരെപ്പോലെ ഭരിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് കുക്കുസായിപ്പും കെ.ഇ. ഏബ്രഹാമും മറ്റും തുടങ്ങിവച്ച വിശുദ്ധിയുടെ പാതയ്ക്കു നിങ്ങൾ കൈവഴികൾ വെട്ടി പാപത്തിനു സഭയിൽ പ്രവേശനം നൽകി. നിങ്ങളെപ്പോലുള്ളവർ തമ്മിൽ മത്സരയോട്ടം നടത്തി വെറുതെ മിനിസ്ട്രികൾ പണിതു. ആത്മാക്കളുടെ രക്ഷ നിങ്ങൾക്കു വിഷയമല്ലായിരുന്നു. വിശക്കുന്നവനു ഒരുനേരത്തെ ആഹാരം കൊടുക്കാതെ പണമെല്ലാം സപ്ലിമെന്റും സുവനീറും ഇറക്കി നിങ്ങൾ നിങ്ങളുടെ ബാബേൽ ഗോപുരങ്ങളെ പണിതു. നിങ്ങൾ ഇന്നതു കണ്ടു വീണ്ടും നിർവൃതിയടയുവാൻ വന്നതല്ലേ. നിങ്ങൾക്കു ലജ്ജയില്ലേ? കോപത്തോടെ വൃദ്ധൻ ചാക്കോച്ചൻ നിരത്തിയ സപ്ലിമെന്റുകളും സിഡികളും ഓരോന്നായി പിച്ചിക്കീറുവാൻ തുടങ്ങി.അയ്യോ കീറല്ലേ. അതെന്റെ ജീവനാ. ''കൈയിൽ കിട്ടിയതെല്ലാം വാരിക്കൂട്ടി ചാക്കോച്ചൻ ഓട്ടം തുടങ്ങി. തലകീറുവാനുള്ള വാശിയോടെ വൃദ്ധൻ വടിയുമായി പുറകെ ഓടി.

അയ്യോ എന്നെ കൊല്ലല്ലേ...ചാക്കോച്ചൻ ഉച്ചത്തിൽ അലറി.

"നിങ്ങളെന്നാ ഈ പാതിരാത്രിയിൽ കിടന്ന് അലറുന്നത്? ".

ഭാര്യ കുലുക്കി വിളിച്ചപ്പോഴാണു ചാക്കോച്ചൻ ഉണരുന്നത്.

"എന്നാ വല്ല പേക്കിനാവും കണ്ടു പേടിച്ചതാണോ?".

പുതപ്പിനടിയിൽ കയറുവാൻ ശ്രമിക്കുന്നതിനിടയിൽ ചാക്കോച്ചൻ പറഞ്ഞു: ''അല്ലെടീ. അങ്ങേരു പറഞ്ഞതു തന്നയാ സത്യം. നീ കിടന്ന് ഉറങ്ങിക്കോ."

# ഉപവാസപ്രാർഥനയും ഉണർവുയോഗവും

**കോട്ടയം:** ഞാലിയാകുഴി ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ഹാളിൽ സെപ്റ്റംബർ 21-26വരെ ഉപവാസപ്രാർഥനയും ഉണർവുയോഗവും നടക്കും. പാസ്റ്റർ എൻ. ജെ. ഐസക്ക് നേതൃത്വം നൽകും.

**ഇടുക്കി:** തങ്കപ്പൻ സിറ്റി ഐ. പി. സി. ബഥേൽ സഭയിൽ ആഗസ്റ്റ് 27-സെപ്റ്റംബർ 5 വരെ ഉപവാസപ്രാർഥന നടന്നു. ബ്രദർ എൻ. ജെ. ജോസ്, പാസ്റ്റർമാരായ സി. ജെ. ഏബ്രഹാം, വി. യു. വർഗീസ് എന്നിവർ പ്രസംഗിച്ചു. രണ്ടു പേർ സ്നാനമേറ്റു.

## താലന്തു പരിശോധന

**കണ്ണൂർ:** പി. വൈ. പി. എ. താലന്തുപരിശോധന കാപ്പുങ്കര എബൻ-എസർ ചർച്ചിൽ നടത്തി. ശ്രീകണ്ഠപുരം കൊട്ടൂർവയൽ സഭ ഒന്നാം സ്ഥാനവും കാപ്പുങ്കര രണ്ടാം സ്ഥാനവും നേടി.

## മധ്യസ്ഥപ്രാർഥന

**ചെങ്ങന്നൂർ:** ഐ. പി. സി. ചെങ്ങന്നൂർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 29 നു കോയിക്കമുക്ക് ഹാളിൽ മധ്യസ്ഥപ്രാർഥന നടന്നു. പാ. കെ. സോമൻ പരുമല പ്രസംഗിച്ചു. പാസ്റ്റർ കെ. പി. കോശി, നൈനാൻ ഏബ്രഹാം എന്നിവർ നേതൃത്വം നൽകി.


**WANTED**

Faith Children's Home in Trivandrum need a spirit filled middle aged lady with higher education in child caring and good experience as a warden. Her duties to conduct spiritual meetings and counselling etc. We will provide good lodging with private convenience and decent salary.

*If you are interested please contact us.*

**Phone : 0471-2356348**

**Mobile: 9847220659**

Advt 359/10


## ഭാരവാഹികൾ

**എടത്വ:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡ് ഭാരവാഹികളായി പാസ്റ്റർ കെ. ജെ. മാത്യു (കൺവീനർ), പാസ്റ്റർ ജി. ജോണിക്കുട്ടി (ജോ. കൺവീനർ), പാസ്റ്റർ കെ. എസ്. ചാക്കോ (സെക്രട്ടറി), ബ്രദർ ജോൺ സാമുവേൽ (ട്രഷറർ) എന്നിവരെയും ചാരിറ്റി ബോർഡ് ഭാരവാഹികളായി പാസ്റ്റർ പി. എം. തങ്കച്ചൻ (കൺവീനർ), പി. എം. ജോൺ (ജോ. കൺവീനർ), എം.വി. ഫിലിപ്പ് (സെക്രട്ടറി), ഡോ. തോമസ് വർഗീസ് (ട്രഷറർ) എന്നിവരെയും തെരഞ്ഞെടുത്തു.

**വീയപുരം:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ ഭാരവാഹികളായി പാസ്റ്റർമാരായ എം. വി. വർഗീസ് (പ്രസിഡന്റ്), ബി. മോനച്ചൻ (അസോ. മിനിസ്റ്റർ), വി. എസ്. സിബിച്ചൻ(വൈസ് പ്രസിഡന്റ്), എം. ഒ. ചെറിയാൻ (സെക്രട്ടറി), ബ്രദർ ജോയി കുന്നിൽ (ജോ. സെക്രട്ടറി), ബ്രദർ സി. കെ. ദാനിയേൽ (ട്രഷറർ), പാസ്റ്റർ കെ. ജെ. മാത്യു (പബ്ലി. കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## മാസയോഗം

**ചെന്നിത്തല:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ മാസയോഗം സെപ്റ്റംബർ 25 നു പള്ളിപ്പാട് ബഥേൽ ഹാളിൽ നടക്കും.

# സുവിശേഷപ്രവർത്തനം

**അടൂർ:** ഐ. പി. സി. അടൂർ സെന്ററിൽപ്പെട്ട കടമ്പനാട് ടൗൺസഭ കേന്ദ്രമാക്കി ആഗസ്റ്റ് 14നു സുവിശേഷ പ്രവർത്തനം നടന്നു. പാസ്റ്റർമാരായ ബഞ്ചമിൻ വർഗീസ്, ജോസ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

**ആയൂർ:** ഐ. പി. സി. ആയൂർ സെന്റർ സോദരി സമാജം സുവിശേഷ പ്രവർത്തനം ആഗസ്റ്റ് 10നു നടന്നു. സോഫി വർഗീസ്, ലിസി ബാബു, ബെറ്റി ഐസക്ക് എന്നിവർ നേതൃത്വം നൽകി.

**ചെന്നിത്തല:** ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡിന്റെയും സോദരി സമാജത്തിന്റെയും സംയുക്ത സുവിശേഷപ്രവർത്തനം ആഗസ്റ്റ് 21 നു ചെന്നിത്തല ബഥേൽ സഭ കേന്ദ്രമായി നടന്നു.

## സെന്റർ കൺവൻഷൻ

**മാവേലിക്കര:** ഐ. പി. സി. മാവേലിക്കര വെസ്റ്റ് സെന്റർ കൺവൻഷൻ 2011 ജനുവരി 26-30 വരെ വഴുവാടി ഏബനേസർ സഭാ ഗ്രൗണ്ടിൽ നടക്കും. കൺവൻഷൻ 26നു സെന്റർ പാസ്റ്റർ ജോൺ കെ. മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ടി. എസ്. ഏബ്രഹാം, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, ബാബു ഏബ്രഹാം, എബി ഏബ്രഹാം എന്നിവർ പ്രസംഗിക്കും. ഹോളി ഹാർപ്പ്സ് ഗാനങ്ങൾ ആലപിക്കും. ശുശ്രൂഷകസമ്മേളനം, സോദരി സമാജം വാർഷികം, സണ്ടേസ്കൂൾ, പി. വൈ. പി. എ. വാർഷികം, സംയുക്ത സഭായോഗം എന്നിവ ഉണ്ടായിരിക്കും.

## കൺവൻഷൻ

**ചെങ്ങന്നൂർ:** പാണ്ടനാട് റ്റി. പി. എം. കൺവൻഷൻ സെപ്റ്റംബർ 2-5 വരെ നടന്നു.

## കൺവൻഷനും സഹായവിതരണവും

**വെള്ളറട:** പൂഴനാട് അനുഗ്രഹ പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ അഞ്ചിനു പൂഴനാട് മിനർവ കോളജ് ഗ്രൗണ്ടിൽ കൺവൻഷനും നിർധനരായ 50 വിധവമാർക്കുള്ള സഹായ വിതരണവും നടന്നു. പാസ്റ്റർ റ്റി. ലൂക്കോസ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ചന്ദ്രകുമാർ സഹായവിതരണം നടത്തി.


# അന്തർദേശീയ പെന്തക്കോസ്ത് കോൺഫ്രൻസ് ന്യൂയോർക്കിൽ

**2010 ഒക്ടോബർ 12 ബുധൻ മുതൽ 16 ശനി വരെ സെൻട്രൽ അവന്യൂ ഗേറ്റ്‌വേ വേൾഡ് ക്രിസ്ത്യൻ സെന്ററിൽ**

**ചിന്താവിഷയം: ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ വെല്ലുവിളികളും സുവിശേഷീകരണവും**



ഉദ്ഘാടനം
റവ.ഡോ. സണ്ണി ഫിലിപ്പ്
(ദേശീയ പ്രസിഡന്റ്)



റവ. ജോയി പി. ഉമ്മൻ
(നാഷണൽ ചെയർമാൻ)

സംഗീത ശുശ്രൂഷ
VIJAY BENADICT AND TEAM

തിരുവചനാടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രശസ്ത വേദപണ്ഡിതരും പ്രമുഖ സുവിശേഷ പ്രാസംഗികരുമായ റവ.ഡോ.രവി സഖറിയ, ഡോ.എച്ച്.ബി.ലഡൻ, റവ.ഡോ. ഡ്യൂവേൻഡർസ്റ്റ്, റവ.ഡോ.ആൻഡ്രു ബിൻസ, ഡോ. ജോ നാഥൻ ഷിബ്ലി, ഡോ.പോൾ ലച്ച്മാൻ, റവ.ഡോ.ജോ കുര്യൻ തുടങ്ങിയവർ മുഖ്യ പ്രാസംഗികരായിരിക്കും.

ഇന്ത്യ,സൗത്ത് ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ മുൻവർഷങ്ങളിൽ നടന്ന ദേശീയ സമ്മേളനങ്ങളേക്കാൾ വിപുലവും അനുഗ്രഹകരവുമായ കോൺഫ്രൻസ് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നും വിവിധ സഭകളുടെ നേതാക്കന്മാരും വിശ്വാസ പ്രതിനിധികളും സംഘടനഭാരവാഹികളും പങ്കെടുക്കും.

പ്രാസംഗികർ



Dr.H. B. London



Dr. Owen Weston



Dr. Jonathan Shibley



Dr. Ravi Zacharias



Dr. Joe Kurian

Welcome to the Third InternationalLeadership Conference of GONCIL! We are expecting delegates from 30 different nations to attend this conference. It will take place at Gateway World Christian Center in Valley Stream, New York from October 13 to 16, 2010. If you are not registered, please do so online by sending us an e-mail or by responding to the registration details send to you through e-mail.



Adv. Thomas M. Kidangalil
(National Treasurer)



Rev. Manuel Johnson
(Secretary)



Rev. Philip Thomas
(Publicity)




Bro. Nibu Vellavanthanam
(Media Secretary)

**Contact: Phone +1 516 643 3085, 516 2860 345 www.goncil.org**

Advt 361/10

# കർത്തൃസന്നിധിയിൽ



**ജെ. മാത്യു**

**കായംകുളം:** കറ്റാനം ഐ.പി.സി. ഹെബ്രോൻ സഭാംഗം പള്ളിക്കൽ ശാരോൻ ഹൗസിൽ ജെ. മാത്യു (74) സെപ്റ്റംബർ ഒന്നിനു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നാലിനു സഭാസെമിത്തേരിയിൽ പാസ്റ്റർ സൈമൺ മാത്യുവിന്റെ നേതൃത്വത്തിൽ പാസ്റ്റർ ഏബ്രഹാം മാത്യു നടത്തി. പാസ്റ്റർമാരായ മാത്യൂസ് ജോൺ, റ്റി. എം. മാത്യു എന്നിവർ പ്രസംഗിച്ചു. ഗുഡ്ന്യൂസിനുവേണ്ടി ഇവാ. എം. വർഗീസ് അനുശോചനം അറിയിച്ചു. ഭാര്യ: തങ്കമ്മ. മക്കൾ: ജോൺസൺ (ന്യൂജേഴ്സി), സിസിലി, ജോളി, സൂസമ്മ.



**റ്റി.വി. തോമസ്**

**റാന്നി:** ഐ.പി.സി. ഉന്നക്കാവ് സഭയുടെ ആദ്യകാല പ്രവർത്തകരിൽ ഒരാളായ കളമ്പാല തയ്യിൽ പീടികയിൽ റ്റി.വി. തോമസ് (94) ഓഗസ്റ്റ് 27നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം പിറ്റേന്നു സഭാസെമിത്തേരിയിൽ പാസ്റ്റർ കെ.സി. തോമസ് നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്കു പാസ്റ്റർ പി.വി. ജോൺ നേതൃത്വം നൽകി. പാസ്റ്റർമാരായ എം. കെ. വർഗീസ്, ജോസഫ് വർഗീസ്, പി.വി. ജോൺ, ബാബു ജോർജ്, കെ. ഷാജി, കെ. എസ്. ജോയിക്കുട്ടി, എം.എം. വർഗീസ് എന്നിവർ സംസാരിച്ചു. ഗുഡ്ന്യൂസിനുവേണ്ടി പാസ്റ്റർ മാത്യു വർഗീസ് അനുശോചനം അറിയിച്ചു. ഭാര്യ: കീക്കൊഴൂർ കൈതപതാലിൽ പരേതനായ ഏലിയാമ്മ. മക്കൾ: അമ്മിണി, കുഞ്ഞുമോൾ, ഗ്രേസി, ആലീസ്, ആനി.



**പാസ്റ്റർ വി.പി. മാത്യു**

**പത്തനംതിട്ട:** ഇന്ത്യാ ദൈവസഭാ പാസ്റ്റർ വി.പി. മാത്യു (51) സെപ്റ്റംബർ ഏഴിനു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം പരുത്തുംപാറയിലുള്ള ഇന്ത്യാദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ ജോസ് ബേബി നിർവഹിച്ചു. ഊന്നുകല്ല്, മടന്തമണ്ണ്, പേഴുംപാറ, സീതത്തോട്, എഴുമറ്റൂർ, കരുനാഗപ്പള്ളി, പാണ്ടനാട് തുടങ്ങിയ സ്ഥലങ്ങളിൽ ഇരുപത്തിരണ്ടു വർഷം ശുശ്രൂഷകനായിരുന്ന പരേതൻ ചില മാസങ്ങളായി പുഷ്പഗിരി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഭാര്യ: മോളി. മക്കൾ: അജീഷ്, മോനിഷ.



**അന്നമ്മ ദാനിയേൽ**

**മിനിയാപ്പൊലിസ്:** മൂവാറ്റുപുഴ വാളകം ഐ. പി. സി. സഭാംഗമായിരുന്ന താഴമന പരേതനായ പൈലി ദാനിയേലിന്റെ ഭാര്യ അന്നമ്മ ദാനിയേൽ (81) സെപ്റ്റംബർ രണ്ടിനു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 20 വർഷമായി മിനിയാപ്പൊലിസിൽ മക്കളോടൊപ്പം താമസിക്കുകയായിരുന്നു. ശനിയാഴ്ച ഗ്രോവ് ക്രിസ്ത്യൻ ചർച്ചിൽ നടന്ന ശുശ്രൂഷയ്ക്കു പാസ്റ്റർ ജോർജ് ബണൽ നേതൃത്വം നൽകുകയും വചനഘോഷണം നടത്തുകയും ചെയ്തു. തുടർന്ന് എപ്പിഫാനി സെമിത്തേരിയിൽ പാസ്റ്റർ ജോയ് ഏബ്രഹാം മൃതദേഹം സംസ്കരിച്ചു. മക്കൾ: പാസ്റ്റർ പാസ്റ്റർ പോൾ (ഗുജറാത്ത്), ജോർജ്, ജോൺ, ജോയ്, മേരി, ആനി ശോഭന.

ഞായറാഴ്ച വൈകിട്ട് വാളകത്ത് ഭവനത്തിൽ നടന്ന അനുസ്മരണയോഗത്തിൽ പാസ്റ്റർ സണ്ണി കുര്യൻ അധ്യക്ഷത വഹിച്ചു. സി. വി. മാത്യു (ഗുഡ്ന്യൂസ്)വിനെ കൂടാതെ നിരവധിപേർ അനുസ്മരണം നടത്തി.



**ഏലിയാമ്മ ഉമ്മൻ**

**പുരമറ്റം:** അടിച്ചിറ കൊന്നമൂട്ടിൽ ശാമുവേൽ ഉമ്മന്റെ (കുഞ്ഞൂട്ടി) ഭാര്യ ഏലിയാമ്മ ഉമ്മൻ (82) ആഗസ്റ്റ് 27നു കർത്തൃസന്നിധിധിൽ ചേർക്കപ്പെട്ടു. സംസ്കാരം 31 നു ചേലക്കൊമ്പിലുള്ള കുടുംബ കല്ലറയിൽ പാസ്റ്റർ എം. കുഞ്ഞപ്പി നടത്തി. പാസ്റ്റർമാരായ വർഗീസ് ജേക്കബ്, പാസ്റ്റർ പി.ജി. മാത്യൂസ്, കെ. കെ. ജെയിംസ് തുടങ്ങിയവർ പ്രസംഗിച്ചു. പരേത ഇരവിപേരൂർ കോയിപ്പുറത്തു പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ കെ. കെ. ശമുവേൽ (ഫിലിദെൽഫിയ ചർച്ച് ഓഫ് ഗോഡ് പ്രസിഡന്റ്, യു. എസ്. എ.), ജോസഫ് ഉമ്മൻ (ഓസ്ട്രേലിയ), മോളി (ഷാർജ), അമ്മിണി, വത്സമ്മ. പാസ്റ്റർ കുരുവിള ചാക്കോ (റിവൈവൽ ക്രിസ്ത്യൻ ഫെലോഷിപ്പ് പ്രസിഡന്റ്, മല്ലപ്പള്ളി) മരുമകനാണ്.

## വിദ്യാഭ്യാസ സഹായവിതരണം

**മല്ലപ്പള്ളി:** ഇന്ത്യാ ദൈവസഭ പാസ്റ്റർ കെ. ജെ. കുരുവിളയുടെ ഭവനത്തിൽ ആഗസ്റ്റ് ഒമ്പതിനു 20 കുട്ടികൾക്കു വിദ്യാഭ്യാസസഹായം നൽകി. പാസ്റ്റർ പി. സി. തോമസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ റ്റൈറ്റസ് വർഗീസ് വിതരണം നല്കി. പാസ്റ്റർമാരായ എം. റ്റി. തോമസുകുട്ടി, പോൾസൺ ഡേവിഡ് എന്നിവർ പ്രസംഗിച്ചു.


**ആവശ്യമുണ്ട്**

കോട്ടയം ജില്ലയിൽ ഒരു വീട്ടിൽ മാതാവിനോടുകൂടെ നില്ക്കുവാനും ജോലി ചെയ്യുവാനും 35നും 50നും ഇടയിൽ പ്രായമുള്ള സഹോദരിയെ ആവശ്യമുണ്ട്. തക്ക പ്രതിഫലം നൽകുന്നതാണ്.

**ഫോൺ 9947402462**

Advt 360/10

**BETHESDA ASSEMBLY OF GOD CHURCH**
VASHI, NAVI MUMBAI

**21 DAYS FASTING PRAYER**

Venue : **Alliance Church, Sector 8, Vashi Navi Mumbai**
Date : **20th September (Mon.) to 10th October (Sun.)**
Time : **Morning 10.00 am to 02.00 pm**
**Evening 06.00 pm to 09.30 pm**

**SPEAKERS**

**PASTORS**

RANJAN GEORGE
SANTOSH VARGHESE
AJI THOMAS
ANISH KAVALAM
Y. KUNJUKUTTY
BENNY PHILIP
GOPINATHAN ACHARI
JOHNSON .K
SABU CHARUVILLA
EVA. APPU KUTTAN

And many other talented servant of God will be ministering in these meetings.

WORSHIP : **BETHESDA A.G. CHOIR VASHI**

*Come, Get Revived & be Blessed !!!*

*admission free*

More Details Contact

PASTOR JOHNSON 9892492510 / SABU CHARUVILLA 7738537110 / SANDEEP KURIAN 9321135950 / CHRISTY ABRAHAM 9821434325 / JINU M. TOM 9870341362

K. A. ABRAHAM 9892272021 / G. ALEXANDER 9969042474

Advt 358/10

**Unreach people group Focus) DISCIPLESHIP TRAINING SCHOOL (MUDTS)**

A training that is to equip the body of Christ with a specific focus to reach unreached people groups in South Asia. It is a 5 month training (3 months lecture phase and 2 months practical field assignment) which is approved by the University of Nations Kona, USA.

SCHOOL DATE
**1st November 2010 - 30th March 2011.**
SCHOOL LOCATION
**New Delhi.**

Advt 356/10

If you are interested please contact our registrar at indiamudts@gmail.com or visit us www.delhiteam.org

# 5 മലയാളം മറക്കാത്ത കൊച്ചു സായ്പ്പ്

തുടങ്ങിയ കുറച്ചു വാക്കുകളെ അദ്ദേഹത്തിനു വശമുണ്ടായിരുന്നുള്ളൂ.

***ഏതൊക്കെ മലയാളം പാട്ടുകൾ ഓർമയുണ്ട്?***

ആധുനിക പാട്ടുകൾ എനിക്കു വശമില്ല. പഴയ പാട്ടുകൾ പലതും അറിയാം. സ്നേഹത്തിൻ ഇടയനാം യേശുവേ, വഴിയും സത്യവും നീ മാത്രമേ (മുഴവുവൻ മനോഹരമായി ആലപിച്ചു.) ജയം ജയം കൊള്ളും നാം യേശുവിന്റെ കൊടിക്കീഴിൽ ജയം കൊള്ളും നാം. (ഈ ഗാനവും പാടി കേൾപ്പിച്ചു) എന്ത് ആശ്ചര്യം എന്ത് ആശ്ചര്യം എനിക്കായി ക്രൂശിന്മേൽ മരിച്ചു. കൂടാതെ ഹിന്ദിയിലും തമിഴിലും താൻ പാട്ടുകൾ പാടി.

എട്ടു കൊച്ചുമക്കളും ആറു പേരക്കിടാങ്ങളും ഞങ്ങൾക്കുണ്ട്.

***ഇന്ത്യയിൽനിന്നു മടങ്ങിപ്പോകുമ്പോൾ എത്ര വയസ്സുണ്ടായിരുന്നു?***

ഇരുപത്തിയാറ്.

***അമേരിക്കയിൽ മടങ്ങിയെത്തിയപ്പോൾ എന്തു തോന്നി?***

ഒരു അന്യദേശത്തു വന്നു ചേർന്ന പ്രതീതിയാണു എനിക്കുണ്ടായത്. തികച്ചും അപരിചിതമായ ചുറ്റുപാടുകൾ. ഒരു മലയാളി ആദ്യം അമേരിക്കയിൽ എത്തുമ്പോൾ ഉണ്ടാകുന്ന മാനസിക അവസ്ഥയിലൂടെ ഞാൻ കടന്നുപോയി.

***വിവാഹശേഷം ഇന്ത്യ സന്ദർശിക്കുവാൻ ആഗ്രഹം ഉണ്ടായിരുന്നോ?***

നിശ്ചയമായും. എന്നാൽ അതിനുള്ള സാഹചര്യം ഒത്തുവന്നില്ല.

***മലയാളികളെക്കുറിച്ചുള്ള അഭിപ്രായം?***

മലയാളികൾ നല്ല ആളുകളാണ്. എവിടെ പോയാലും കഠിനാധ്വാനം ചെയ്യുന്നവരാണ്. നിങ്ങളുടെ ഭക്ഷണം ഒക്കെ എനിക്കിഷ്ടമാണ്. സ്നേഹമുള്ളവരാണു മലയാളികൾ. എന്റെ ഭാര്യ 'ഐ ലൗവ് യു' എന്നു പറയുമ്പോൾ ഞാൻ പറയാറുണ്ട് കേരളത്തിലെ സഹോദരിമാർ ഭർത്താക്കന്മാരോട് "ഞാൻ അച്ചായനെ സ്നേഹിക്കുന്നു" എന്നാണു പറയുന്നതെന്ന്.

***അമ്പതു വർഷത്തിലധികമായല്ലോ കേരളം വിട്ടു പോന്നിട്ട്. ഇപ്പോഴും ശുദ്ധമായ മലയാളഭാഷ സംസാരിക്കുവാൻ കഴിയുന്നത് എങ്ങനെയാണ്?***

എന്റെ മലയാളം ഒത്തിരി മങ്ങിപ്പോയി. 'പ്രാക്ടീസു' ചെയ്യാൻ പറ്റുന്നില്ല. ആഴ്ചതോറും ഗുഡ്ന്യൂസ് വരുത്തുന്നതുകൊണ്ടു ഒത്തിരി വ്യത്യാസം വന്നു.

***ഗുഡ്ന്യൂസിനെക്കുറിച്ചുള്ള അഭിപ്രായം?***

വളരെ നല്ല പത്രമാണ്. അതു വായിക്കുമ്പോൾ ഞാൻ കേരളത്തിലെ പരിചിതമായ സ്ഥലങ്ങളിലൂടെ നടക്കുന്ന പ്രതീതിയാണ് ഉണ്ടാകുന്നത്. എനിക്കു വളരെ പ്രയോജനപ്രദമാണ് ഗുഡ്ന്യൂസ്. ഇപ്പോൾ എന്റെ കണ്ണിനും വളരെ പ്രയാസം ഉണ്ട്. എങ്കിലും ഗുഡ്ന്യൂസ് ഞാൻ പൂർണമായും വായിക്കുന്നു.

***ഗുഡ്ന്യൂസ് വായനക്കാരോട് എന്തെങ്കിലും പറയാനുണ്ടോ?***

എന്റെ പിതാവ് കുക്കു സായിപ്പിനോടു നിങ്ങൾ പുലർത്തുന്ന സ്നേഹം ഞാൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ സേവനത്തെ ഇന്ത്യയിലെ പെന്തെക്കോസ്തു സമൂഹം സ്മരിക്കുന്നതിൽ ഞാൻ നന്ദിയുള്ളവനാണ്. എനിക്കു വളരെ ക്ഷീണം ഉണ്ട്. നിങ്ങളുടെ പ്രാർഥനയിൽ ഞങ്ങളെ ഓർക്കുവാൻ അപേക്ഷിക്കുന്നു.



*കോട്ടയം സൗത്ത് സെന്റർ പി. വൈ. പി. എ. ക്യാമ്പ് പാസ്റ്റർ കെ. ഇ. തോമസ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ സാം റ്റി. മുഖത്തല, സുധീർ വർഗീസ് എന്നിവർ വേദിയിൽ.*

## യുവജനക്യാമ്പ്

**കോട്ടയം:** സൗത്ത് സെന്റർ പി.വൈ.പി.എ. ക്യാമ്പ് ആഗസ്റ്റ് 22-24 വരെ വാകത്താനം ഐ.പി.സി. എബനേസർ ഹാളിൽ നടന്നു. ബ്രദർ സാം കുപ്പശേരിയിലിന്റെ അധ്യക്ഷതയിൽ പാ. കെ.ഇ. തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ സാം റ്റി. മുഖത്തല, എബി പീറ്റർ, ബിനു ജോസഫ്, ഷാജു സി. ജോസഫ്, സെബാസ്റ്റ്യൻ കെ. ദേവസ്യ, സണ്ണി അലക്സാണ്ടർ, വി. സണ്ണി, ജോയി സി. മാത്യു എന്നിവർ പ്രസംഗിച്ചു. പാ. അജു ജേക്കബ് ഏബ്രഹാം "മിഷൻ ചലഞ്ച്" നടത്തി. "ക്രൂശിന്റെ വചനം" എന്നതായിരുന്നു ചിന്താവിഷയം.

## വിദ്യാർഥിക്യാമ്പ്

**ഡാളസ്:** ഐ. സി. പി. എഫ് 'അവേക്ക് 2011' ക്യാമ്പ് മാർച്ച് 11-14 വരെ വാക്സഹാച്ചിയിലെ ലേക്വ്യൂ ക്യാമ്പ് സെന്ററിൽ നടക്കും. മിഡിൽ സ്കൂൾ, ഹൈ സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി പ്രത്യേകം യോഗങ്ങളുണ്ടായിരിക്കും. വിവരങ്ങൾക്കു www.icpfnews.com

### ഉണർവുയോഗം

**കോട്ടയം:** മൂലവട്ടം ഐ. പി. സി. ഹെബ്രോൻ സഭയിൽ സെപ്റ്റംബർ 16-18 വരെ ഉണർവുയോഗം നടക്കും. പാസ്റ്റർ മുട്ടം ഗീവർഗീസ് പ്രസംഗിക്കും. പകൽ 9-1 വരെയും വൈകിട്ട് 6-9 വരെയുമാണു യോഗങ്ങൾ.


GLIMPSES OF CHRISTIAN DOCTRINE

(Revised and Enlarged Edition) Page: 151

By Rev. Thankachan P. Easo

The above book is the best demonstration of the Pentecostal Theology, with a strong debate on Pentecostalism. It contains several novel matters of interest, which you will find no where else. Now copies of the book are sold in the following 3 rates/prices.

1. Order for 1 copy-Rs. 120/- postage free
2. Order for 10-99 copies - @ Rs. 100/- free
3. Order for 100 or more copies - @ Rs. 90/- free

**Payment:** by MO/Drafts/Cheques

Address for orders: Thankachan P. Easo, Grace Villa, # 19,12th Cross, Kanaka Nagar, R.T. Nagar P.O., Bangalore - 32, Ph: 080-23533126

Comments by eminent men of God

**K.V. Pillai (Delhi):** *"I found the whole writing most useful and very well written''.*

**Prof. T.C. Mathew (USA):** *" The Author succeeded in unravelling the cardinal doctrines of the N.T. with emphasis to Pentecostalism''*

**Pr. K.C. John:** *''It contains deeprooted knowledge of doctrines''*

The Books are also available in the 'Readers', Tiruvalla and ELS, Tvm&Bangalore

Advt 353/10



WANTED

Wanted part-time translators to translate English Bible Literature in to Malayalam.

Apply at:

Email: johnyvarghese@comcast.net

Advt 59/10



വില്പനയ്ക്ക്

വയനാട് ബത്തേരിയിൽ അഞ്ചു സെന്റ് സ്ഥലവും 150 പേർക്ക് ഇരിക്കാവുന്ന ഹാളും വില്പനയ്ക്ക്.

**9447360763**

Advt 355/10



"സൂര്യനസ്തമിക്കാത്ത നാട്ടിൽ മലയാളത്തനിമ വിടാതെ...."

ആരാധനയ്ക്കായി ബന്ധപ്പെടുക

LONDON PENTECOSTAL CHURCH

BUILDING A SPIRITUAL HOUSE FOR SPIRITUAL SACRIFICE
LITTLE ILFORD SCHOOL
BROWNING ROAD
MANOR PARK, LONDON, E12 6ET

ലണ്ടൻ പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിപ്പാർക്കുന്ന മലയാളി സഹോദരീസഹോദരന്മാർക്ക് ഒരുമിച്ചൊരു ആത്മീയ കൂട്ടായ്മ ആചരിക്കുവാൻ ആധുനിക വാദ്യോപകരണങ്ങളുടെ പശ്ചാത്തലത്തിലുള്ള സംഗീതശുശ്രൂഷ, നിരന്തരമായ പ്രാർഥനകൾ, ബൈബിൾ ക്ലാസുകൾ, സണ്ടേസ്കൂൾ, യുവജനമീറ്റിംഗ്, സഹോദരീ സമ്മേളനങ്ങൾ, പ്രെയ്സ് ആൻഡ് വർഷിപ്പ് സെഷനുകൾ, ശക്തമായ ആത്മീയ നേതൃത്വം എന്നിവയ്ക്കായി ലണ്ടൻ പെന്തെക്കോസ്തൽ ചർച്ചിൽ ആരാധനയിൽ പങ്കാളികളാകുക.

*കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.*

Time - 10.00 am to 1.30 pm Every Sunday

Pr. Sam John
16 Ellerton Gardens
Dagenham, Essex RM9 4 HT
Ph: 020 8262 8070, 0777 600 4770
Email: jsamlondon@msn.com

London Pentecostal Church is a Part of Alpha International Ministries Registered as a Charitable Trust in the UK

Advt 352/10



സുവിശേഷകന്മാരെ ആവശ്യമുണ്ട്

ഗിൽഗാൽ ഗോസ്പൽ മിനിസ്ട്രീസിന്റെ തൊടുപുഴയോടു ചേർന്നുള്ള പ്രദേശങ്ങളിലെ പുതിയ വേലസ്ഥലങ്ങളിലേക്ക് പ്രവർത്തനസ്ഥലത്ത് കുടുംബസമേതം താമസിച്ച് പ്രവർത്തിക്കുവാൻ താത്പര്യമുള്ള സുവിശേഷകന്മാരെ ആവശ്യമുണ്ട്.

*എ.റ്റി.എ. അംഗീകാരമുള്ള ബൈബിൾ കോളജിൽനിന്നും മൂന്നു വർഷത്തിൽ കുറയാത്ത കോഴ്സ് പാസായിരിക്കണം.*

പ്രവർത്തനപരിചയം ഉള്ളവർക്കും, ഇടുക്കി ജില്ലയിൽ നിന്നുള്ളവർക്കും മുൻഗണന.

**താമസസൗകര്യവും പ്രതിമാസം 3,000 രൂപ സപ്പോർട്ടും നൽകുന്നതായിരിക്കും.**

താത്പര്യമുള്ളവർ 04734-227293, 9446818206 എന്ന നമ്പരിൽ വിളിക്കുക.

**ഇവാ. വിത്സൻ ജോയിസ് (ഓസ്ട്രേലിയ)**
**പ്രസിഡന്റ്**
**ഗിൽഗാൽ ഗോസ്പൽ മിനിസ്ട്രീസ്**

Advt 351/10

# Matrimonial

## വരനെ തേടുന്നു

പെന്തെക്കോസ്തു യുവതി (27/ 5'4'') ജി.എൻ.എം., യമനിൽ സ്റ്റാഫ് നേഴ്സ്, ആയി ജോലിചെയ്യുന്നു. ഡിസംബർ 5 നു അവധിക്കു വരുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് (മെയിൽ നേഴ്സ്) മുൻഗണന.
ഫോൺ: 0481 2573042,
9744268650
Email:
shoneabraham1@gmail.com
GN 1033/37

പെന്തെക്കോസ്തു യുവതി (27/ 165 സെ.മീ.) അമേരിക്കയിൽ നേഴ്സ്, അനുയോജ്യരായ പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. മെയിൽ നേഴ്സിനു മുൻഗണന.
ഫോൺ: 04935 240511,
9447147130
207 217 5980 –യുഎസ്എ
Email:
joshuamolly@gmail.com
GN 1035/37

പെന്തെക്കോസ്തു യുവതി (26/ 5'3'') വെളുത്തനിറം, സൗദിയിൽ ഡിഫൻസ് സ്റ്റാഫ്, ജി.എൻ.എം. സെപ്റ്റംബർ അവസാനം നാട്ടിൽ വരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9747435087,
9847443141
GN 1038/37

Well settled Pentecostal parents invite proposals for their daughter, MBBS (26/163 cm) good-looking, from parents of professionals working in India or abroad.
Email:
cheriyan987@gmail.com
Ph: 9497692123
GN 1039/37

Pentecostal parents invite proposals for their born again, baptized, spirit filled daughter, (Born Jan. 1982/ 5'5'') working in Bangalore as staff Nurse for last three years. Seeking a God-fearing, born again, baptized, educated boy working abroad or India.
Ph: 0468 2341857,
9434294780, 9744053814
Email:
jincyabraham86@gmail.com
GN 1043/ 37

Pentecostal parents invite proposals for their daughter B.Sc.Nurse, (23, 5'2''), white, God fearing, homely, Studied & employed at Apollo Chennai, excellent academics, from parents of Pentecostal boys having Spiritual values, professionally qualified & employed. Respond with recent photograph & details.
E-Mail:
elizabeth3116@gmail.com
Ph : 9447743816
GN 1042/37

Suitable alliance from parents of spirit filled, tall, fair, fluent in English, atleast graduate pentecostal Malayalee girls (preferably outside Kerala) is invited for a Pentecostal Malayalee boy (27/ 5'10'') having a good job at Hyderabad.
Contact No's:
09246193568 &
09490467479
email:
turtlespring9@gmail.com
GN 1044/37

Pentecostal parents settled in Bombay seek proposals for their Born-again, baptized daughter with high moral values (26/5'2''), holding BE Electronics from Bombay University, currently pursuing MS (Telecommunications) in US completing in May 2011, from parents of professionally and spiritually qualified Pentecostal boys settled in US/ Canada/Bombay or currently working in US. Visiting Bombay in January 2011. Interested parties may please respond with full details and a recent photograph to:
saviourchrist.25@gmail.com
or agappe1950@gmail.com.
GN 1013/36

നല്ല കുടുംബപശ്ചാത്തലമുള്ള പെന്തെക്കോസ്തു സുവിശേഷവേലക്കാരായ മാതാപിതാക്കളുടെ മകൾ (25/5'5'') ബി.എസ്സി. നേഴ്സ്, ജോലിയുണ്ട്, വെളുത്ത നിറം. നല്ല ആത്മീകനിലവാരമുള്ള രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച, വിദേശത്തോ, സ്വദേശത്തോ ജോലിചെയ്യുന്ന യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0468 2216530,
9847527431
GN 1041/ 37


## ആവശ്യമുണ്ട്

പൂർണസുവിശേഷ സഭയുടെ ചുമതലയിൽ തിരുവനന്തപുരത്ത് നല്ല നിലയിൽ നടക്കുന്ന ഒരു ഗേൾസ് ഹോമിൽ വാർഡൻ ആയിരിക്കാൻ കോളജ് വിദ്യാഭ്യാസവും ജോലി പരിചയവും സുവിശേഷതാത്പര്യവും ക്രിസ്തീയ സമർപ്പമവുമുള്ള ഒരു സ്ത്രീ വാർഡനെ ആവശ്യമുണ്ട്. ഈ സ്ഥാപനത്തിൽ താമസിക്കേണ്ടിവരും. ഉടൻ അപേക്ഷിക്കുക.

**ഫോൺ 0471–2356348, (മൊബൈൽ) 9847220659**

**Faith Childrens, Home, Kunnapuzha, Aramada P.O., Trivandrum-695 032**

Advt 188/10


Pentecostal parents (Engineer and Doctor) seeks alliance for their daughter (26/5'2''). Master in Pharmacy, planning to do Ph.D. soon, from parents of boys who are Ph.D. in Pharmacy, M.Tech, Engineers, Doctors, MBA, CA etc.
Ph: 9995902143,
0469-2619939
GN 1049/37

Pentecostal parents invite proposals for their daughter BE, MBA (25/172 ) tall, slim, very fair, working as teamlead SWE in MNC I.T. major company, from parents of professionally qualified, God-fearing boys with same background. Decent family.
Email:
lalitha 3699@yahoo.com
Ph: 0422 2442103
GN 1028/37

Pentecostal parents invite proposals for thier daughter (D.O.B 11.8.1982, 160 cm) BSc Nurse, 3 years working experience, from parents of qualified boys, preference USA/ Gulf. Contact with biodata and Photograph.
Ph: 04735 200622,
9645195005
Email:
getkunjumol@yahoo.com
GN 1031/37

## വധുവിനെ തേടുന്നു

പെന്തെക്കോസ്തു യുവാവ്, സാംബവ (30) എം.ഡിവ്., ബൈബിൾ സ്കൂൾ അധ്യാപകൻ. സുവിശേഷവേലയ്ക്ക് വിളിയും തെരഞ്ഞെടുപ്പും വിദ്യാഭ്യാസവുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9746867529,
8129923884
GN 1029/37

ഹിന്ദുപശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്തു വിശ്വാസത്തിൽ വന്ന വിദ്യാസമ്പന്നനായ യുവാവ് (37/ 5'5'') ബി.ഇ., ജി.എ.റ്റി.ഇ., (ഐ.ഐ.റ്റി.) ബി.റ്റി എച്ച്., സുവിശേഷവേലയോടു കൂടി മാർക്കറ്റിംഗ് ബിസിനസ് ചെയ്യുന്നു. നല്ല വിദ്യാഭ്യാസവും സുവിശേഷവേലയിൽ താല്പര്യവും ഉള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. പുനർവിവാഹവും പരിഗണിക്കും. കേരളത്തിനു വെളിയിലുള്ളവർക്കു മുൻഗണന.
ഫോൺ: 9656144343
Email: cibil2010@yahoo.com
GN 1030/37

പെന്തെക്കോസ്തു യുവാവ് (30/ 185 സെ.മീ.) +2, ദുബായിൽ ടെക്നീഷ്യൻ ഫീൽഡ് വർക്സ്. അനുയോജ്യരായ സമർപ്പണമുള്ള പെന്തെക്കോസ്തു യുവതികളുടെ ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9496354483
GN 1045/37

ഓർത്തഡോക്സ് സഭയിൽ നിന്നും പെന്തെക്കോസ്തു വിശ്വാസത്തിൽ വന്ന യുവാവ് (28/എസ്.എസ്.എൽ.സി.) കൃപാവരശുശ്രൂഷകൻ (പോളിയോ ബാധിച്ച് സ്വാധീനക്കുറവുള്ള കാലുകൾ). താല്പര്യമുള്ള പെന്തെക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9744849407,
9447695596
GN 1037/37

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (28) ഹോസ്പിറ്റലിൽ എക്സ്റേ ജോലി, സുമുഖൻ. അനുയോജ്യരായ പെന്തെക്കോസ്തു യുവതികളുടെ (ജനറൽ നേഴ്സ്/ ലാബോറട്ടി ടെക്നീഷ്യനായി ജോലിയുള്ളതോ) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0468 226616
കെ.റ്റി. സാമുവേൽ, കല്ലുംപുറത്ത് വീട്, ചെല്ലാക്കാട്ട് പി.ഓ., റാന്നി, പത്തനംതിട്ട.
GN 1034/37

പുരാതന ക്രിസ്ത്യൻ കുടുബത്തിൽ നിന്ന് (മാർത്തോമാ) പെന്തെക്കോസ്തു വിശ്വാസത്തിൽ വന്ന (ഐ.പി.സി.) യുവാവ് (29/5'5'') ഇടത്തരം കുടുംബം, അബുദാബിയിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൾ) ജോലി. രണ്ടുമാസത്തെ അവധിക്ക് നാട്ടിൽ ഉണ്ട്. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ദൈവകൃപയിൽ നില്ക്കുന്ന യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
നേഴ്സിന് മുൻഗണന.
ഫോൺ: 9447595323,
9947343245
GN 1040/37

ബെഹറിനിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ ജോലിയുള്ള പെന്തെക്കോസ്തു യുവാവ് (34/ 5'8'', ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ്) ഈ മാസം പകുതിയോടെ നാട്ടിൽ വരും. അനുയോജ്യരായ പെന്തെക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 0479–2306611,
09448308387
Email:
shalom577@gmail.com
GN 1048/38

US settled Pentecostal parents invite proposals for their son (27/5'7''). Present by,studying for his MBA (Final) in US Activity involved in one of the IPC churches Praise and Worship Coordinator. intersted persons may contact with their biodata & recent size photograph.
Email:
eoaemi@yahoo.com
Ph: 9873762142
GN 1047/37

Parents invite proposals for their pentecostal son (31/ 5'11'', 160 lb, very fair, handsome, Master in Engineering, US born), from parents of equally qualified (fair, beautiful), girl. Please respond with details and present photograph to:
Email:
johnyvarghese@comcast.net
GN 991/35

Baptized boy (30/5'4'') D.Min., trainner, Teacher, Principal- Philadelphia College), invites proposals from parents of professionally qualified mission oriented girls.
Ph: 9048144121
Email:
stephensonvm@gmail.com
GN 1032/37

Pentecostal parents invite proposals for their son (29/ 172 cm) MSc Electronic Science & EMBEDDED System, Software Engineer, working in MNC, Bangalore, from parents of professionally qualified pentecostal girls.
Ph: 0475 2328444,
9446701444
Email:
lukose.joy @gmail.com
GN 1036/37

Pentecostal Ex-NRI parents invite proposals for their son (29/170 cm), handsome, Physiotherapist, working in Kerala, from parents of spiritual and employed girls of Medical, Para-Medical field in India or abroad.
Ph: 0469-2777675,
9495052620
Email: albi0214@gmail.com
GN 1050/37


## ഫിലദൽഫ്യാ പ്രെയർ ടവർ

"എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിനക്കുത്തരമരുളും..." "ഇതാ ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും..." (യിരെ. 33;3,6). നിങ്ങൾ പ്രശ്നങ്ങളാൽ ഭാരപ്പെടുന്നുവോ? രോഗിയായി പ്രയാസപ്പെടുന്നുവോ? നിങ്ങൾ മറ്റു വിഷയങ്ങളാൽ ദുഃഖത്തിലാണോ? ഞങ്ങൾ നിങ്ങൾക്കായി പ്രാർഥിക്കാം. Please donot SMS prayer requests.

ഞങ്ങളുടെ വിലാസം:
**Pr. P.A. Scariah, Plot No. 45,**
**Income Tax Colony,**
**PAOTA 'C' Road, Jodhpur,**
**Rajasthan**
**Ph: 0291-2545818**
**Mob: 09602009535**
**Email:**
**scariah_pa@yahoo.co.in**



Advt 238/10

GOODNEWS WEEKLY
KANJIKUZHY
KOTTAYAM 686 004
KERALA, INDIA
PHONE : (0481) 2571677
2574239, 2570909
FAX : (0481) 2572062

# goodnews WEEKLY

"REGISTERED"
No. KL/KTM/169/2009-2011
LICENSE No.
KL/CR/KTM/WPP-30/2009-11
LICENSED TO POST
WITHOUT PRE- PAYMENT
Posted on 13,14 September 2010 at
RMS Kottayam

Website: www.goodnewsweekly.org; E-mail: goodnewsweekly@gmail.com, goodnewsweekly@dataone.in

## ശാലേം ട്രാക്ട് സൊസൈറ്റി സെമിനാർ

**അടൂർ:**ശാലേം ട്രാക്ട് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21 നു രാവിലെ 9.30നു അടൂർ കടമ്പനാട് ഐ. പി. സി. ഹെബ്രോൻ ഹാളിൽ പഠനസെമിനാർ നടക്കും. "സമകാല സുവിശേഷയത്നങ്ങളുടെ സാർഥത" എന്ന വിഷയത്തിൽ ഡോ. വിൽസൻ വർക്കി പ്രസംഗിക്കും. പാസ്റ്റർ ബഞ്ചമിൻ വർഗീസ് മോഡറേറ്ററായിരിക്കും. ആധുനിക സുവിശേഷീകരണയത്നങ്ങളുടെ ഫലപ്രാപ്തിയെ വിശകലനം ചെയ്യുന്ന ഈ ചർച്ചയിൽ സഭാവ്യത്യാസം കൂടാതെ എല്ലാ പെന്തെക്കോസ്തു പ്രവർത്തകരും സുവിശേഷകരും പങ്കെടുക്കണമെന്നു സെക്രട്ടറി കെ. വി. രാജു അറിയിച്ചു.

### വിദ്യാഭ്യാസ സഹായവിതരണം

**മല്ലപ്പള്ളി:** ഇന്ത്യാദൈവസഭ പാസ്റ്റർ കെ. ജെ. കുരുവിളയുടെ ഭവനത്തിൽ ആഗസ്റ്റ് ഒമ്പതിനു 20 കുട്ടികൾക്കു വിദ്യാഭ്യാസസഹായം നൽകി. പാസ്റ്റർ പി. സി. തോമസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ റ്റൈറ്റസ് വർഗീസ് വിതരണം നടത്തി. പാസ്റ്റർമാരായ എം. റ്റി. തോമസ്കുട്ടി പോൾസൺ ഡേവിഡ് എന്നിവർ പ്രസംഗിച്ചു.

### ദൈവസഭ ഹോം മിഷൻ ഭാരവാഹികൾ

**മുളക്കുഴ:** ഇന്ത്യാദൈവസഭ കേരളാ സ്റ്റേറ്റ് ഹോം മിഷൻ ഡിപ്പാർട്ട്മെന്റ് ഭാരവാഹികളായി പാസ്റ്റർമാരായ റ്റി. എ. ജോർജ് (ഡയറക്ടർ), പി. പി. കുര്യൻ (ജനറൽ സെക്രട്ടറി), ലിജു വർഗീസ് (ജോ. സെക്രട്ടറി), ബ്രദർ സി. പി. വർഗീസ് (ജനറൽ കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

### പ്രാർഥനാ സമ്മേളനം

**ന്യൂഡൽഹി:** ക്രിസ്ത്യൻ വിമൻസ് പ്രയർ ഫെലോഷിപ്പ് പ്രാർഥനാസമ്മേളനം ആഗസ്റ്റ് 21 നു ഗോൾ മാർക്കറ്റ് ഐ. പി. സി. ഹാളിൽ നടന്നു. പാസ്റ്റർ പി. എം. ജോൺ ഉദ്ഘാടനം ചെയ്തു. ഡോ. ജോയ്സി കോശി, പാസ്റ്റർ ജോൺ പോൾ എന്നിവർ പ്രസംഗിച്ചു. സാബാ ഗോസ്പൽ സിങ്ങേഴ്സ് ഗാനങ്ങൾ ആലപിച്ചു. കുഞ്ഞമ്മ ജോൺ, മോളി മാത്യു തുടങ്ങിയവർ നേതൃത്വം നല്കി.

## ശുചീകരണ പ്രവർത്തനം

**ചെങ്ങന്നൂർ:** സെന്റർ പി. വൈ. പി. എയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26നു ചെങ്ങന്നൂർ ഗവ.താലൂക്ക് ആശുപത്രി പരിസരം വൃത്തിയാക്കലും രോഗികൾക്കു സൗജന്യഭക്ഷണവിതരണവും നടന്നു. പാസ്റ്റർ കെ. എം. ജോൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ നൈനാൻ ഏബ്രഹാമിന്റെ അധ്യക്ഷതയിൽ സൂപ്രണ്ട് ഡോ. ശ്രീലത, വിജയകുമാർ എന്നിവർ പ്രസംഗിച്ചു. ഗുഡ്ന്യൂസിനുവേണ്ടി പാസ്റ്റർ ബിനോയ് മാത്യു ആശംസയറിയിച്ചു. പാ. ബിജു സ്റ്റീഫൻ, പ്രയ്സൺ, സജിത്ത് എന്നിവർ നേതൃത്വം നൽകി.

### ഐക്യകൂട്ടായ്മയും ഉണർവുയോഗവും

**തൃശൂർ:** യൂണിറ്റി ഓഫ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന കൂട്ടായ്മയും ഉണർവുയോഗവും സെപ്റ്റംബർ 19 നു പുളായ്ക്കൽ വടക്കേച്ചിറ ഫുൾഗോസ്പൽ ചർച്ചിൽ നടക്കും. പാസ്റ്റർ ജോയി ചാത്തമറ്റം പ്രസംഗിക്കും. വിറ്റ്നസ് ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ കെ. വൈ. മർക്കൊസ് നേതൃത്വം നൽകും.

### ഭാരവാഹികൾ

**പത്തനംതിട്ട:** എ. ജി. പത്തനംതിട്ട സെക്ഷൻ ഭാരവാഹികളായി പാസ്റ്റർ ജോസ് കെ. തോമസ് (പ്രിസ്ബിറ്റർ), പാസ്റ്റർ പി. എസ്. മാത്യു (സെക്രട്ടറി), പാസ്റ്റർ എൻ. എൽ. ലൂക്കൊസ് (ട്രഷറർ), ബ്രദർ പി. പി. കോശി, ബ്രദർ കെ. സി. സൈമൺ (അംഗങ്ങൾ) എന്നിവരെയും പുത്രികാസംഘടന ഭാരവാഹികളായി ഷിബു മാത്യ (സി.എ.) ലില്ലിക്കുട്ടി(ഡബ്ല്യൂ.എം.സി.എ.), ഏബ്രഹാം മത്തായി (സണ്ടേസ്കൂൾ), സജി മോൻ വി. കെ. (മിഷൻ), പി. എം. ജോൺസൻ (പ്രെയർ) എന്നിവരെയും തിരഞ്ഞെടുത്തു.

### മുഴുരാത്രി പ്രാർഥന

**കോട്ടയം:** ഞാലിയാകുഴി ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ഹാളിൽ സെപ്റ്റംബർ 17 നു മുഴുരാത്രി പ്രാർഥന നടക്കും. പാസ്റ്റർ എൻ. ജെ. ഐസക്ക് നേതൃത്വം നൽകും.

**ഫോൺ**

**പത്തനംതിട്ട:** എ. ജി. പ്രിസ്ബിറ്റർ ജോസ് കെ. തോമസ് 9447215093.



'വാനവഗാനങ്ങൾ' പാട്ടുപുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പിന്റെ പ്രകാശനം ഡോ. ജെയിസൺ തോമസിനു പ്രഥമ കോപ്പി നൽകി പാസ്റ്റർ തോമസ് ഫിലിപ്പ് നിർവഹിക്കുന്നു.

## പ്രകാശനം ചെയ്തു

**പായിപ്പാട്:** ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചിന്റെ ആദ്യ പ്രസിദ്ധീകരണമായ 'വാനവഗാനങ്ങൾ' പാട്ടുപുസ്തകത്തിന്റെ പരിഷ്കരിച്ച ഏഴാം പതിപ്പിന്റെ പ്രകാശനം ആഗസ്റ്റ് 24 നു ഇന്ത്യാ ബൈബിൾ സെമിനാരി ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് നിർവഹിച്ചു. സെമിനാരി പ്രിൻസിപ്പൽ ഡോ. ജെയിസൺ തോമസ് പ്രഥമ കോപ്പി ഏറ്റുവാങ്ങി.

### സംയുക്ത സെമിനാർ

**ഇടുക്കി:** ഐ. പി. സി. ഇടുക്കി വെസ്റ്റ് ഏരിയ സണ്ടേസ്കൂൾ–പി. വൈ. പി. എ. സംയുക്ത സെമിനാർ ആഗസ്റ്റ് 21 നു കീരിത്തോട് ഹെബ്രോൻ ഹാളിൽ നടന്നു. പാസ്റ്റർ പി. പോൾരാജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ. വി.വർക്കി പ്രസംഗിച്ചു. ഡോ. എ. ഡൊറോത്തി ക്ലാസെടുത്തു.

## ഹെവൻലി ആർമീസ് വാർഷിക സമ്മേളനം സമാപിച്ചു

**ബാംഗ്ലൂർ:** ബാംഗ്ലൂരിലെ പെന്തെക്കോസ്തു ശുശ്രൂഷകരുടെ ഐക്യകൂട്ടായ്മയായ ഹെവൻലി ആർമീസിന്റെ ഏഴാമതു വാർഷികവും ശുശ്രൂഷക സമ്മേളനവും ആഗസ്റ്റ് 31നു മഡിവാള മാരുതിനഗർ മെയിൻ റോഡ് ഹോളിക്രോസ് കോൺവെന്റ് സെന്റിനൽ എച്ച്. ആർ ഹാളിൽ നടന്നു. റവ. മാർസലിൽ ജെ. മൊറെയ്സ് മുഖ്യ പ്രസംഗകനായിരുന്നു. ബാംഗ്ലൂരിലെ വിവിധ സഭകളിലെ ശുശ്രൂഷകരും വിശ്വാസികളും സമ്മേളനത്തിൽ പങ്കെടുത്തു. പാസ്റ്റർമാരായ സിബി ജേക്കബ്, സന്തോഷ് കുമാർ, അജയ് വർഗീസ് എന്നിവർ സമ്മേളനത്തിനു നേതൃത്വം നൽകി. സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കിയ വാർത്താപത്രികയുടെ പ്രകാശനം പാസ്റ്റർ ഏബ്രഹാം വർഗീസ് നിർവഹിച്ചു.

## വാഹനാപകടത്തിൽപ്പെട്ട് കുവൈറ്റിൽ മരണമടഞ്ഞു



**കോഴിക്കോട്:** ന്യൂ ഇന്ത്യാ ദൈവസഭാംഗം കുഴിമറ്റത്തിൽ ബിജു ഏബ്രഹാം (36) വാഹനാപകടത്തിൽപ്പെട്ട് കുവൈറ്റിൽ മരണമടഞ്ഞു. കുവൈറ്റിലെ ഇബ്സിനാ ആശുപത്രിയിൽ നേഴ്സായ താൻ ആഗസ്റ്റ് 29നു ജോലി കഴിഞ്ഞ് ആശുപത്രിയുടെ വാഹനത്തിൽ വീട്ടിലേക്കു മടങ്ങിവരുമ്പോൾ എതിരെ വന്ന വാഹനവുമായി ഇടിക്കുകയായിരുന്നു. തലയ്ക്കു മാരകമായ പരിക്കേറ്റ ബിജു സംഭവസ്ഥലത്തുവച്ചുതന്നെ മരണമടഞ്ഞു. കൂടെയുള്ളവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.

സെപ്റ്റംബർ ഒന്നിനു നാട്ടിലെത്തിച്ച മൃതദേഹം പിറ്റേന്നു സംസ്കരിച്ചു. സഭാസെമിത്തേരിയിലെ ശുശ്രൂഷകൾ പാസ്റ്റർ വി.എ. തമ്പി നിർവഹിച്ചു. പാസ്റ്റർമാരായ ബേബി പി. ജോൺ, ജേക്കബ് മാത്യു എന്നിവർ ശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ഗുഡ്ന്യൂസിനു വേണ്ടി പാസ്റ്റർ പ്രദീപ് പ്രസാദ് അനുശോചനം അറിയിച്ചു. ഭാര്യ ജോയ്സ് കുവൈറ്റിൽ നേഴ്സാണ്. മക്കൾ: കരോൾ, ക്രിസ്റ്റ, കെസിയ.

## ആത്മീയവിപ്ലവത്തിന്റെ സന്ദേശവുമായി സമൂഹത്തിലേക്കിറങ്ങുക: പാസ്റ്റർ കെ. എം. ജോസഫ്

**തൃശൂർ:** മാനുഷിക മൂല്യങ്ങൾക്കു വിലകല്പിക്കാതെ പാപവഴികളിലൂടെ നീങ്ങുന്ന ജീവിതങ്ങളെ നിത്യജീവങ്കലേക്കു നയിക്കുവാൻ പെന്തെക്കോസ്തുകാർ പ്രതിജ്ഞാബദ്ധരാകണമെന്നും സമൂഹത്തിൽ തള്ളപ്പെട്ടവരുടെ ഇടയിലേക്കു കടന്നുചെന്നു ദൈവവചനം പകർന്നുകൊടുക്കുന്നതോടൊപ്പം അവർക്കു നേരെ സഹായഹസ്തം നീട്ടുവാനും കഴിയണമെന്നും പാസ്റ്റർ എം. കെ. ജോസഫ് പ്രസ്താവിച്ചു. ഐ.പി.സി. നെല്ലിക്കുന്ന് ഇമ്മാനുവേൽ ചർച്ചിന്റെ പ്ലാറ്റിനം ജൂബിലി പരിപാടികൾ സെപ്റ്റംബർ നാലിനു ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരുളിന്റെ ശക്തികളിൽനിന്ന് ആത്മീയനവോത്ഥാനത്തിലൂടെ മാത്രമേ ഭാവിതലമുറയെ വാർത്തെടുക്കുവാൻ കഴിയൂ എന്നും അദ്ദേഹം പറഞ്ഞു. പാസ്റ്റർ ജോസഫ് ജോർജ് അധ്യക്ഷതവഹിച്ചു.

ജൂബിലിയോടനുബന്ധിച്ച് 100 വീൽച്ചെയറുകളുടെ വിതരണോദ്ഘാടനം രാജാജി മാത്യു തോമസ് എം.എൽ.എയും വടക്കേ ഇന്ത്യയിലെ മിഷനറിമാർക്കുള്ള സൈക്കിൾ വിതരണം പാസ്റ്റർ ജോൺ പി. തോമസും നിർവഹിച്ചു. പാസ്റ്റർമാരായ കെ. ജെ. ഫിലിപ്പ്, ജോസഫ് സാം, സി.ഒ. ഡേവിഡ്, പി. വി. സുരേഷ്, ബ്രദർ ടോണി ഡി. ചെവ്വൂക്കാരൻ, സൂസൻ ബേബി, എം. എൽ. റോസി എന്നിവർ പ്രസംഗിച്ചു.

സംഗീതസംവിധായകൻ തൃശൂർ ഡേവിഡിന്റെ നേതൃത്വത്തിൽ 50 അംഗ ക്വയർ ജൂബിലി ഗാനം ആലപിച്ചു. സെക്രട്ടറി കെ. വി. ബാബു ജൂബിലി പരിപാടികൾ വിശദീകരിച്ചു. ജനറൽ കൺവീനർ പാസ്റ്റർ മാത്യു കെ. വർഗീസ് സ്വാഗതവും എ. സി. തിമൊത്തി കൃതജ്ഞതയും പറഞ്ഞു. ചിൽഡ്രൻസ് ഫെസ്റ്റ്, യുവജനസമ്മേളനം, സോദരിസമാജം സമ്മേളനം, മ്യൂസിക് നൈറ്റ്, ബൈബിൾ കൺവൻഷൻ, അരി–തയ്യൽ മെഷീൻ വിതരണം, മുൻകാല ശുശ്രൂഷകരെ ആദരിക്കൽ, സ്മരണിക പ്രകാശനം തുടങ്ങിയവയുണ്ടായിരിക്കും. ജൂബിലി പരിപാടികൾ ഡിസംബർ അഞ്ചിനു സമാപിക്കും.

Edited, Printed and Published by C.V. Mathew, Printed at MCM Offset Press (P) Ltd for Rashtra Deepika Ltd. Kottayam. Mg. Editor Thomas Vadakkekut, Editor-in -Charge: TM Mathew.